


# തളിര്

## Little KITEs Magazine 2023-24

**PMSAHSS Elankur**

കലാലയ ജീവിത വഴിത്താരയിലെ നാഴികക്കല്ലായ യുവത്വത്തിന്റെ പ്രസരിപ്പും തീഷ്ണതയും ഇവിടെ പ്രതിഫലിക്കാം. അറിവാകുന്ന തേൻ നുകരാൻ വന്ന പൂമ്പാറ്റകളായ വിദ്യാർഥികളുടെയുള്ളിലെ വിസ്മയമാണ് ഇവിടെ അവതരിപ്പിക്കുന്നത്.

മൊബൈൽ ഫോണുകളിൽ തന്റെ ലോകം ഒതുക്കുന്ന യുവ തലമുറക്ക് സർഗാത്മക കഴിവുകളെ അവതരിപ്പിക്കാൻ മാർഗ്ഗമേതെന്ന തിന് ഒരു ചെറിയ ഉത്തരമാണ് ഈ മാഗസിൻ. വാക്കുകളിൽ ഒതുങ്ങാത്ത കൃതജ്ഞതയോടെ ഇത് സമർപ്പിക്കുന്നു.

അർച്ചന എം 10A

എഡിറ്റർ

ശാസ്ത്രസാങ്കേതിക വളർച്ചയുടെ സുപ്രധാന നാഴികക്കല്ലാവുന്നതിനായി ഇന്റർനെറ്റ് യുഗത്തിൽ അനായാസം വിഹരിച്ചു കൊണ്ടിരിക്കുന്ന പ്രിയ കുരുന്നുകളേ....

അറിവിന്റെ പുതിയ ചക്രവാളം പ്രതീക്ഷയ്ക്ക് അപ്പുറത്തേക്ക് വളരുന്ന ഈ Augmented reality യുടേയും Artificial intelligence ന്റെയും കാലത്ത് ഉയർന്ന മാനവികതയിലേക്കുള്ള പ്രയാണംആയിരിക്കണം ശാസ്ത്ര വളർച്ചയിലൂടെ നമ്മൾ ആർജിക്കേണ്ടത്.

പഠനവും പഠിപ്പിക്കലും കാലാനുസൃതമായി വന്ന മാറ്റങ്ങളെ തിരിച്ചറിഞ്ഞ് പുതിയ സാധ്യതകളെ വേണ്ടത്ര പ്രയോജനപ്പെടുത്തി മുന്നേറാൻ എല്ലാവർക്കും സാധിക്കട്ടെ . അതിനായി നമുക്ക് ഒരുമിച്ച് കൈകോർക്കാം.

അറിവിൻറെ നുറുങ്ങുകൾ ചേർത്തുവെച്ച് കുട്ടിപ്പട്ടങ്ങൾക്ക് ഊടും പാവും നൽകുന്നതായ രചനകളുടെ ഈ സമാഹാരത്തെഏറെ സന്തോഷത്തോടെ സ്വാഗതം ചെയ്യുന്നു. ഇത്തരത്തിലുള്ള സർഗാത്മക സമീപനം ഭാവിയിലും നമ്മുടെ സ്കൂളിൽ നിന്നും പ്രതീക്ഷിച്ചുകൊണ്ട്

ശ്രീലത സി

സ്റ്റാഫ് എഡിറ്റർ

**കൃഷ്ണവേണി**
**8 ബി**

# അമ്മ വിളക്ക്

പണ്ട് പണ്ട് ഒരു പാട് വർഷങ്ങൾക്ക് മുൻപ് ഒരു ബാര എന്ന ഗ്രാമത്തിൽ ഒരു ചെറിയ കുടുംബം ജീവിച്ചിരുന്നു. അവരുടെ കുടുംബത്തിൽ എന്നും കലഹങ്ങളായിരുന്നു. അവർക്ക് ഒരു കുഞ്ഞ് ജനിച്ച് കുറച്ചു ദിവസത്തിനകം ആ കൈക്കുഞ്ഞിന്റെ അമ്മ മരിച്ചു. അമ്മ മരിച്ച ആ ദിവസം രാത്രി ആ കുഞ്ഞിനെ അച്ഛൻ ആല്മരച്ചുവട്ടിൽ ഉപേക്ഷിച്ച് നാടുവിട്ടു. ഇങ്ങനെയാണ് ഈ കുട്ടിയുടെ കഥ തുടങ്ങുന്നത്.

ഒരു ദേവിയുടെ അമ്പല മുറ്റത്താണ് ആ കുഞ്ഞിനെ അച്ഛൻ ഉപേക്ഷിച്ചത്. അവിടെ മക്കളില്ലാതെ പ്രാർത്ഥനയും പൂജകളും നടത്തി ജീവിക്കുന്ന ഒരുപാട് ദമ്പതികൾ ഉണ്ട്. അവിടെ വന്ന ഒരു ദമ്പതിക്ക് ആ കുഞ്ഞിനെ കിട്ടി അവർ ആ കുഞ്ഞിന്റെ രക്ഷിതാക്കൾ വരും എന്ന പ്രതീക്ഷയിൽ ആ കൈക്കുഞ്ഞിനെയും കയ്യിലെടുത്തു അവർക്കുവേണ്ടി ഒരുപാട് സമയം കാത്തുനിന്നു.പക്ഷെ അവർ വന്നില്ല.ആ കുഞ്ഞിനെ ഉപേക്ഷിച്ചുപോവാൻ അവരുടെ മനസ്സ് അനുവദിച്ചില്ല. കുഞ്ഞുങ്ങളില്ലാത്ത അവർക്ക് ദൈവം തന്ന വരമായി കരുതി അവർ ആ കുഞ്ഞിനെ എടുത്ത് വളർത്താൻ തീരുമാനിച്ചു. പിന്നെ അവർ ആ കുഞ്ഞിന് പേര് ഇടുകയും സ്കൂളിൽ ചേർക്കുകയും ചെയ്തു. ആ കുഞ്ഞിന്റെ പേര് കാമിനി എന്നായിരുന്നു. അവർ ആ കുഞ്ഞിനെ പൊന്നുപോലെ നോക്കുമായിരുന്നു. വേണ്ട സാധനങ്ങളെല്ലാം വാങ്ങികൊടുക്കുകയും ചെയ്തു. അവൾക്കുമാത്രമായി ഒരു കളിക്കൂട്ടുകാരിവേണം എന്ന് അവൾ ആഗ്രഹിച്ചു. ആ ആഗ്രഹസാഫല്യത്തിനായി കാമിനി തനിക്ക് ഒരു അനിയത്തി കുട്ടിയെ കിട്ടാൻ പ്രാർത്ഥിച്ചു. അങ്ങനെ ഒരിക്കൽ ഒരു അനിയൻ ജനിച്ചു. ആ വാർത്ത അവൾ കേട്ടു അവൾക്ക് വളരെ അധികം സന്തോഷമായി.

പിന്നെപ്പിന്നെ അവർക്ക് സ്വന്തം കുഞ്ഞ്, എന്നും തെരുവ് കുഞ്ഞ് എന്നും ഉള്ള വേർതിരിവ് തോന്നിത്തുടങ്ങി.കാമിനിയെ പല കാര്യങ്ങളിൽ നിന്നും അകറ്റി നിർത്തി. വീട്ടിൽ അതിഥികൾ വരുമ്പോൾ ആദ്യം ചേർത്ത് പിടിച്ചിരുന്ന ആ കുഞ്ഞിനെ റൂമിൽ അടച്ചിട്ടു. ഇതൊന്നും കാമിനിക്ക് ആദ്യം മനസ്സിലായിരുന്നില്ല. ആ അനിയൻ കുഞ്ഞിന്റെ പേര് പ്രിത്വിക് എന്നാണ്.അങ്ങനെ പല പല ചെറിയ കാര്യത്തിൽ പോലും അവർ അവളെ കൊണ്ടു പോയില്ല. പ്രിത്വിക്കിനെ ഒന്ന് തൊടാനോ കളിപ്പിക്കാനോ കാമിനിക്ക് അധികാരമില്ലായിരുന്നു. നീ സ്വന്തം എന്നു പറയാൻ ആരുമില്ലാത്തവളും അമ്മയും അച്ഛനും നിന്നെ ഉപേക്ഷിച്ചവളാണെന്നും മറ്റും അവളോട് പറഞ്ഞു. ഇതറിഞ്ഞ അവളുടെ നെഞ്ച് തകർന്നു. അവൾ ഉറക്കെ പൊട്ടിക്കരഞ്ഞു. ഇറക്കി വിട്ടപോലെ പറയുന്ന അവരുടെ വീട്ടിൽ നിൽക്കാൻ കാമിനിക്ക് ഒട്ടും താല്പര്യം ഇല്ലായിരുന്നു. പിന്നീടൊരിക്കൽ അവളെ കുറിച്ച് അന്വേഷിച്ചു വരാൻ ആരുമില്ല എന്ന അധികാരത്തിൽ ആ വളർത്തമ്മ അവളെ ഉപദ്രവിക്കാനും തുടങ്ങി. അപ്പോഴാണ് അവളുടെ അമ്മമ്മയാണ് എന്നു പറഞ്ഞ് ഒരു സ്ത്രീ അവൾക്ക് മേൽ അധികാരം പറഞ്ഞു വന്നത്.-അതുവരെ കാമിനിയെ ഒഴിവാക്കാൻ ശ്രമിച്ചിരുന്ന അവർക്ക് ആ സ്ത്രീ പറഞ്ഞപ്പോൾ അവളെ കൊടുക്കാൻ ഒട്ടും താല്പര്യം ഉണ്ടായിരുന്നില്ല.പക്ഷെ അവർക്ക് കൊടുക്കേണ്ടി വന്നു. പിന്നെ അവൾക്ക് ഒരു പാട് ബന്ധുക്കൾ ഉണ്ടായി. ഈ അച്ഛനും അമ്മയും അവളെ വീണ്ടും സ്നേഹിക്കാൻ തുടങ്ങി. അവൾക്ക് ഒരുപാട് ബന്ധുക്കൾ ഉണ്ടാവുകയും സ്വന്തമായി ഇല്ലാതിരുന്ന ബന്ധുക്കൾ ഉണ്ടായപോലെ അവൾക്ക് തോന്നി. എല്ലാവരും അവളെ നന്നായി സ്നേഹിച്ചു. ഈ സ്നേഹമെല്ലാം കിട്ടുമ്പോഴും അമ്മയുടെ സ്നേഹമോ വാത്സല്യമോ ഒന്നും അനുഭവിക്കാൻ തനിക്ക് കഴിഞ്ഞില്ല എന്ന ഒരു വേദന മാത്രം അവളുടെ ഉള്ളിൽ അണയാതെ കിടപ്പുണ്ടായിരുന്നു. എന്നാലും അവൾ അതൊന്നും പുറത്ത് കാണിക്കാതെ ചിരിച്ചുകൊണ്ട് എല്ലാം ചെയ്യുമായിരുന്നു. അവൾ പലപ്പോഴും പലരോടും പറയും എന്റെ അമ്മ എപ്പോഴും എന്റെ കൂടെ ഉണ്ട് എന്റെ അമ്മക്ക് എന്നെ കൈവിടാൻ കഴിയില്ല എന്ന്.

# തിരിച്ചറിവ്

മുഹമ്മദ് റിസ്വാൻ
പ്ലസ് ടു (B2)

നേരം പുലർന്നു.അടുക്കളയിലെ കല പില ശബ്ദം കേട്ട് അപ്പു ഉണർന്നു. അവൻ പല്ല് തേച്ച് ചായ കുടിക്കാൻ മേശയിൽ വന്ന് ഇരുന്നു. അപ്പോഴേക്കും മകന് വേണ്ടി അമ്മ എല്ലാം ഒരുക്കി വച്ചിരുന്നു. വയർ നിറയും വരെ അമ്മ അവനെ ഊട്ടി. അമ്മക്ക് കഴിക്കാൻ ഇല്ലെങ്കിലും " ഇന്റെ കുട്ടി തിന്നോളി " ഇങ്ങനെയാ അമ്മയുടെ വാക്കുകൾ.. അപ്പു ചായ കുടിച്ച് കഴിഞ്ഞ് സ്കൂളിൽ പോവാൻ ഒരുങ്ങി തുടങ്ങി. അവനുള്ള ചോറും കറിയും ബാഗിൽ ആക്കി അമ്മ അവനെ പറഞ്ഞയക്കാൻ നിൽക്കാണ്.. " അമ്മേ ഞാൻ പോട്ടെ റ്റാറ്റാ " ആ മോനെ പോയി വരി അമ്മന്റെ കുട്ടി ".

അമ്മ അവനെ യാത്ര ആക്കി.. പിന്നെ അമ്മയുടെ ചിന്ത അവൻ വരുമ്പോഴേക്ക് എന്താ ഉണ്ടാക്കാ എന്നാണ്. 4 മണി ആവുന്നതും നോക്കി അമ്മ ഇരിപ്പാണ്. "അമ്മേ.. ഞാൻ വന്നു." മകന്റെ ശബ്ദം കേട്ട് അമ്മ കതക് തുറന്നു. അമ്മയെ കെട്ടി പിടിച്ച് അപ്പു ബാഗ് ഊരി കൊടുത്തു. " മോൻ പോയി കുളിച്ച് വാ അമ്മ ചായ എടുത്തു വെക്കാം ". ചായയും കടിയും കൊടുത്തു. രാത്രി ചോർ വാരി കൊടുത്തു. പഠിക്കാൻ അമ്മ കൂടെ ഇരുന്നു..

അങ്ങനെ അപ്പു വലിതായി. ബാല്യ കാലം കഴിഞ്ഞു. അവൻ മുതിർന്ന ക്ളാസിൽ പഠിക്കുകയാണ്. അമ്മയില്ലാത്ത ഒരു ജീവിതം അവന് ഇല്ലായിരുന്നു. പക്ഷെ ഇപ്പൊ അവൻ അമ്മ വേണ്ട. അവനും അവന്റെ ചങ്ക്സും മതി.

അങ്ങനെ ഒരു ദിവസം രാത്രി അപ്പു വീട്ടിൽ എത്താൻ വൈകി." മോനെ അമ്മന്റെ കുട്ടി എന്തെ വൈകിയത് ". " ഞാൻ വൈകിയാലും ഇല്ലെങ്കിൽ അമ്മക്ക് എന്താ. ഞാൻ ചെറിയ കുട്ടി ഒന്നും അല്ലല്ലോ. ഇന്റെ കാര്യം നോക്കാൻ ഇന്ക് അറിയാം ". അമ്മ ഞെട്ടിപ്പോയി. മകന്റെ വാക്ക് കേട്ട് അമ്മക്ക് അന്ന് ഉറങ്ങാൻ പറ്റിയില്ല.. അമ്മയുടെ തലയിണ അന്ന് നനഞ്ഞ് കുതിർന്നു.

പിറ്റേന്ന് രാവിലെ അപ്പു : " അമ്മേ എനിക്ക് ഇന്ന് സ്കൂൾക്ക് കുറച്ച് പണം വേണം.." "എന്തിനാ മോനെ." "ഫീസ് അടക്കാനാ " അപ്പു പറഞ്ഞു. പാവം അമ്മ പണം കൊടുത്തു.. രണ്ട് ദിവസം കഴിഞ്ഞ് സ്കൂളിൽ മീറ്റിംഗ് ന് അമ്മ വന്നപ്പോൾ അപ്പുവിനെ കുറിച്ച് കേട്ട് അമ്മ തളർന്നു പോവുകയായിരുന്നു.. "പഠനത്തിലും, പ്രവർത്തനത്തിലും അപ്പു മോശമാണ്..അവനെ നന്നായി ശ്രദ്ധിക്കണം." ഇങ്ങനെയല്ലാം ടീച്ചർ പറഞ്ഞു.. പിന്നെ ഫീസ് ഇതുവരെ അടച്ചിട്ടില്ല അതും കൊടുത്തു വിടണം ടീച്ചറുടെ വാക്കുകൾ കേട്ട് അമ്മ തരിച്ചു പോയി. ടീച്ചറെ ഫീസ് ഇന്നലെ കൊടുത്തു വിട്ടതാണല്ലോ. " എന്നാൽ ഇവിടെ അത് എത്തീട്ടില്ല " ടീച്ചർ പറഞ്ഞു..

മീറ്റിംഗ് കഴിഞ്ഞ് വന്ന അമ്മ മകനെ കാത്ത് ഇരിക്കുകയാണ്. അമ്മയെ കണ്ടതും മകൻ തിരിഞ്ഞു പോയി. അമ്മ ഒച്ച വെച്ച് സംസാരിച്ചു. മകൻ പൊട്ടിത്തെറിച്ചു. ദേഷ്യം കേറി അമ്മ അവനെ അടിച്ചു. അടിച്ചതും അവൻ അമ്മയെ തള്ളി... അമ്മ വീണു. ഒന്ന് എണീക്കാൻ പോലും കഴിയാതെ അമ്മ തളർന്നു.. മകൻ തള്ളിയതിലോ ഒച്ചവെച്ചതിലോ അല്ലായിരുന്നു അമ്മയുടെ ദുഃഖം അവന്റെ ഈ മാറ്റത്തെ കുറിച്ചായിരുന്നു. മകനെ ശരിയാക്കണം എന്ത് ചെയ്യണം എന്ന് നേരം പുലരുവോളം അമ്മ ചിന്തിച്ചു. ശരിയായ ഒരുത്തരത്തിലേക്ക് അമ്മക്ക് എത്താൻ കഴിഞ്ഞില്ല. എങ്കിലും അമ്മ ഒരു തീരുമാനത്തിൽ എത്തി അവനോട് കൂടുതൽ മിണ്ടാൻ പോവണ്ട.

അന്ന് രാവിലെ എല്ലാം അമ്മ ഉണ്ടാക്കി എങ്കിലും അവനെ ഊട്ടാനോ അവനോട് മിണ്ടാനോ അമ്മ പോയില്ല.. അവൻ അവന് വേണ്ടത് കഴിച്ച് എണീറ്റു പോയി.. അമ്മ അമ്മയുടെ ജോലിയിൽ മുഴുകി..അതിനിടയിൽ അമ്മ അവന്റെ മുറി വൃത്തിയാക്കാൻ വേണ്ടി ചെന്നപ്പോൾ അവിടെ കണ്ട കാഴ്ച കണ്ട് അമ്പരന്നു. ലഹരിയുടെ ഉപയോഗം മകന് ഉണ്ടെന്നും അതാണ് അവന്റെ മാറ്റമെന്നും കണ്ടെത്തിയ അമ്മ അവൻ വരുന്നത് കണ്ടതും പൊട്ടിത്തെറിക്കുകയായിരുന്നു. എന്നാൽ അപ്പു ഒരു കൂസലുമില്ലാതെ നിന്നു. അമ്മ കൂടുതൽ കൂടുതൽ ശബ്ദം ഉയർത്തി. ലഹരിയെ കുറിച്ച് ചോദിച്ചപ്പോൾ അവൻ കയർത്തു സംസാരിച്ചു. അവന്റെ ശബ്ദം ഉയർന്നു പൊന്തി. അമ്മ അവനെ നിർത്താതെ അടിച്ചു. അവന് അവനെത്തന്നെ നിതന്ത്രിക്കാൻ കഴിഞ്ഞില്ല. അമ്മയുടെ നേരെ വിരൽ ചൂണ്ടി. അമ്മയെ തള്ളി മാറ്റി മുറിയിൽ കേറി കതക് അടച്ചു. സമനില തെറ്റിയ അമ്മ നിലത്തു വീണു. ശബ്ദം കേട്ട് ഓടി വന്ന അയൽകാരി അമ്മയെ ആശുപത്രിയിൽ എത്തിച്ചു. അമ്മ ആകെ തളർന്നു പോയിരുന്നു. രാവിലെ അമ്മയുടെ ശബ്ദം കേൾക്കാതെ വന്നപ്പോൾ മകൻ അന്വേഷിച്ചു. ആശുപത്രിയിൽ ആണെന്ന് അറിഞ്ഞപ്പോൾ മകൻ പേടിച്ചു വിറച്ചു. അമ്മയുടെ അസുഖം അറിയാൻ ഡോക്ടറെ കണ്ടു. "അമ്മയ്ക്ക് ഓർമ്മ ഇല്ല, കണ്ണ് തുറന്നിട്ടില്ല. നമുക്ക് നോക്കാം. മോൻ പ്രാർത്ഥിക്ക്". ഡോക്ടറുടെ വാക്ക് കേട്ട് കരഞ്ഞു കലങ്ങിയ കാണമ്മായി അവൻ അമ്മയുടെ കാൽക്കൽ വീണു. "മാപ്പ് അമ്മേ.. ഈ മോനോട് ക്ഷമിക്ക് അമ്മേ.. ഇത് അമ്മേടെ അപ്പൂസാ. കണ്ണ് തുറന്ന് നോക്ക് അമ്മേ. " മകന്റെ കരച്ചിൽ കണ്ട അയൽകാരി പറഞ്ഞു " അപ്പു.. നീ കരയണ്ട. അമ്മക്ക് സുഖമാവും. പക്ഷെ നീ അറിയേണ്ട ഒന്നുണ്ട്. നിന്റെ അമ്മ നിന്നെ വളർത്തിയത് നിന്നെ പഠിപ്പിക്കുന്നത് എന്തിനാ. ആ അമ്മക്ക് ഒരു ആഗ്രഹമുണ്ട് നിന്നെ ഉയരത്തിലെത്തിക്കണം എന്ന്.. എന്നാൽ നീ ചെയ്തതോ നിന്റെ അമ്മയെ ഉപദ്രവിച്ചു. നിന്റെ കൂട്ടുകാരെ നീ വലുതായി കണ്ടു. അവരെ സ്നേഹിച്ചു. അമ്മയെ വെറുത്തു.. ഇന്നല്ലെങ്കിൽ നാളെ കൂട്ടുകാർ അവരുടെ വഴിക്ക് പോവും. പക്ഷെ അമ്മ നിനക്ക് എന്നും വെളിച്ചവും അനുഗ്രഹവും ആണെന്ന് മറക്കണ്ട.അമ്മമാർ അന്നും ഇന്നും അമ്മ തന്നെയാടാ . കാലത്തിന്റെ സുഖങ്ങൾ ആസ്വദിക്കുന്ന നിനകൊക്കെ അമ്മയുടെ സുഖങ്ങളും രസങ്ങളും അറിയോ.

**ഗോപിനന്ദ**
**6 എ**

## സ്വപ്നം

കാറ്റിൻ മിഴിയിൽ സ്വപ്നചിറകുകൾ
നീർമാതളമായെന്നെ തൊട്ടുണർത്തിയപ്പോൾ
ആ ചെറു വാതിലിലൂടെ ഞാൻ കണ്ടത് മനസ്സിനെ
കുളിരണിയിക്കുന്ന സ്വപ്നം
സ്വപ്നത്തിൽ അന്നതാ
ഞാനും പറക്കുന്നു
ചിറകുവിരിക്കുന്ന പൂമ്പാറ്റകളെ പോലെ
വാനിലുയർന്നുപൊങ്ങുന്ന മരങ്ങളെ പോലെ കാറ്റിലാടാൻ എനിക്കു മോഹം
വാനിൽ നിന്നും മഴയായ് പൊഴിയുന്ന മേഘങ്ങൾ
നിറയുന്നു എൻ്റെ സ്വപ്നത്തിൽ
സ്വപ്നത്തിലാരോ എൻ മുടിയിഴകൾ കുളിർ പോലെ വന്നു തഴുകുന്നു
കിളികളുടെ ശബ്ദം എൻ കാതിൽ വന്നണയുമ്പോൾ
സ്വപ്നവും മായുന്നു
നിദ്രയുമകലുന്നു..

**ആര്യ**
**10 എ**

## വേദന

കണ്ണിൻ  കണ്ണീർതുള്ളികൾ നിറയുന്നതെന്തോ..
വാനിൻ  കാർമേഘങ്ങൾ നിറയുന്നതെന്തോ..
മഴത്തുള്ളികൾ തിങ്ങി    നിറയുന്നതെന്തോ..
കുന്നിൻ ചെരിവിലെ യാമം പോയ്  മറയുന്നതെന്തോ..
അറിയില്ല ആർക്കുമിതെന്തെന്നറിയില്ല. പേമാരിക്കും.
വേദന ഇല്ലാ മനുഷ്യനെ എങ്ങെങ്ങും കാണുവാണില്ലല്ലോ.
എങ്ങുമെങ്ങും.

**അബീബ**
**10 ജി**

## ഏകാന്തത!

"നാലു ചുവരുകൾക്കുള്ളിൽ നീ വരുമ്പോൾ,
മനസ്സിലെ ഇരുട്ടിന്റെ അലകൾ സന്തോഷിക്കാറുണ്ട്.
ഭയമാണ് എന്നും നിന്നെ...
ഒറ്റപ്പെടലുകൾ എന്നും നീറ്റൽ മാത്രം സമ്മാനിച്ചിട്ടൊള്ളൂ..
വയ്യ!! എനിക്കിത് അനുഭവിച്ചു തീർക്കാൻ.
നിനക്കെന്തൊരു എരിവാണ്!കനലുകൾ തീയിൽ എരിയും പോലെ...
അതെ, ഏകാന്തത എനിക്ക് എന്നും ഭയമാണ്."
അതെ,ഏകാന്തത എനിക്ക് എന്നും ഭയമാണ്...

# മാതൃഹൃദയം

ജയശ്രീ ടീച്ചർ
HSST Chemistry

നരനു ജന്മം  നരകമായ് മാറുവാൻ
നിയതി തൻ ജാലവിദ്യയോ ഇന്നെങ്ങും?
നിയമഭേദമില്ലേവരും വീണിടും
നവനവ രൂപഭാവങ്ങളിൽ കഷ്ടം!!

നിഴലുകൾ പോലെ വാർത്തകൾ ഇന്നയ്യോ
നില മറന്നീടും, ബോധം മറഞ്ഞിടും
നിമിഷമാനന്ദദായകമായിടാൻ
നിറയെയൊഴുകിടുന്നനവധി ലഹരികൾ!

അറികയില്ല തൻ അരുമക്കിടാങ്ങളെ
അരികെ നിൽക്കുമീ അൻപുള്ള ഹൃത്തിനെ
അതിമധുരമായ് മാറേണ്ട ജൻമമോ
അതി വികലമായ് മാറിയതെങ്ങിനെ?

വഴിപോക്കനെന്നപോൽ ചോദിച്ചിടുന്നു ഞാൻ
വഴിതെറ്റി നീങ്ങുന്നതെന്തിഹയിങ്ങനെ?
നിറയുന്ന കണ്ണുകൾ ജൻമ സമ്പാദ്യമായ്
നീറും മുഖങ്ങളെ നീയും മറന്നുവോ?

അരുതുകളോതിയോർക്കെതിരേ 'ഉയരുമീ
കലഹം മനുജകുലത്തിന്നു നാശനം
കലിയെന്ന പോലെ മറഞ്ഞിരിക്കും നിന്നെ
കാർന്നുതിന്നും വിഷമെന്നതറിക നീ..

പേറ്റുനോവിൻ നീറ്റൽ മാറ്റിയ നിന്നുടെ
കാൽത്തളക്കൊപ്പമന്നോടിയ നാളുകൾ
നേർത്തുപോവില്ലായെൻ ഹൃത്തിൽ നിന്നേറ്റവും
ഓമലേ നീയിന്നുപേക്ഷിക്കയീ വിഷം...

ഹിസാന നസ്രി
പ്ലസ് ടു (H2)

# ആരാച്ചാർ – കെ ആർ മീര

മലയാള സാഹിത്യത്തിലെ ശ്രദ്ധേയമായ സ്ത്രീ ശബ്ദമാണ് കെ ആർ മീര. കെ ആർ മീരയുടെ ആരാച്ചാർ എന്ന നോവൽ പുസ്തകം മലയാളത്തിലെ മികവുറ്റ നോവൽ ആണെന്ന് ആരാച്ചാറിന്റെ ഒരു വായനക്കാരിയായ ഞാൻ ഉറപ്പിച്ചു പറയുന്നു.

കൽക്കത്ത പശ്ചാത്തലത്തിലാണ് ഈ കഥ രചിക്കപ്പെട്ടത് എങ്കിലും പലയിടങ്ങളിലും ബംഗാളി ഭാഷയും കടന്നു വരുന്നുണ്ട്. ചേതന ഗൃദ്ധ മല്ലിക് എന്ന 22 വയസ്സുകാരിയാണ് കഥയിലെ കേന്ദ്ര കഥാപാത്രം.

നീതിന്യായ വ്യവസ്ഥയുടെ ഒരു ഭാഗമാണ് ആരാച്ചാർ എന്നത്. നിയമത്തിന്റെ വിധി പ്രകാരം ആണെങ്കിലും ഒരു മനുഷ്യ ജീവൻ എടുക്കുക എന്നത് വളരെ പ്രയാസമേറിയ ഒന്നാണ്. ഉറച്ച മനസ്സും ധൈര്യവും അത്യാവശ്യമായണ് ആരാച്ചാർക്ക്. എന്നാൽ ഇതെല്ലാം പുരുഷന് മാത്രമേ സാധിക്കൂ എന്ന ലോകത്തിന്റെ കാഴ്ചപ്പാടിന്റെ തന്നെ ചേതന ഗൃദ്ധ മാലിക് എന്ന യുവതി മാറ്റി മറിക്കുന്നു.

പരമ്പരാഗതമായി ആരാച്ചാർ കുടുംബത്തിലെ അംഗവും നിലവിലെ അവസാന കണ്ണിയുമാണ് ചേതന. അവളുടെ സഹോദരൻ അംഗവൈകല്യം കാരണം ആരാച്ചാർ ആവാൻ കഴിയാതെ വരുന്നു. അതുകൊണ്ട് തന്നെ ചേതനയും അച്ഛന്റെ ആവശ്യപ്രകാരം സർക്കാരിന്റെ സ്ഥിരം ആരാച്ചാരായി നിയമിക്കപ്പെട്ടു. അങ്ങനെ ആദ്യ പെണ്ണാരാച്ചാരായി മാറുന്നു. ചേതന അവസാനം അവളുടെ കരങ്ങളാൽ ഒരാൾക്ക് തൂക്കു ശിക്ഷനടപ്പാക്കുന്നതോടെ കഥ അവസാനിക്കുന്നു.

മരണമെന്നത് ചേതനയുടെ വീട്ടിലെ സ്ഥിരം സംസാരമായിരുന്നു. അതുകൊണ്ട് തന്നെ അവൾക്ക് അതെല്ലാം സാധാരണ സംഭവമായിരുന്നു. പക്ഷെ അവിടെ പ്രണയം കടന്നു വരുന്നതോടെ "മരണത്തെക്കാൾ അനിശ്ചിതത്ത്വമായ മറ്റൊന്ന് പ്രണയമാണെന്ന് അവൾ മനസിലാക്കുന്നു.പ്രണയത്തിന് കഥയിൽ വ്യത്യസ്ത ഭാവങ്ങൾ നൽകുന്നുണ്ട്.

ഒരു പെണ്ണ് ആരാച്ചാർ ആകുന്നതിന്റെ വാർത്തകൾ ടെലികാസ്റ്റ് ചെയ്യുവാൻ സഞ്ജീവ് കുമാർ മിത്ര എന്ന മാധ്യമ പ്രവർത്തകൻ കൂടെ ആഗതമാവുന്നതോടെ കഥ കൂടുതൽ ആകാംക്ഷഭരിതമാവുന്നു.

ഒരു വായനക്കാരനെ ഒട്ടും മടുപ്പിക്കാത്ത രീതിയിൽ കഥയുടെ ഒഴുക്കിനെ കൊണ്ടുപോകുന്നതിൽ കഥാകൃത്ത് വലിയ തോതിൽ വിജയിച്ചിരിക്കുന്നു എന്ന് കഥ വായിച്ചു കഴിയുമ്പോൾ ഏതൊരു വായനക്കാരനും ഉറപ്പാകുന്നു.

ഷഫ്ന
പ്ലസ് ടു (B2)

# പട്ടാളക്കാരന്റെ മകൾ

തൻ ജന്മനാടിന്ന് വേണ്ടി തൻ
ജീവൻ ത്യജിച്ചൊരച്ഛന്റെ പുത്രി ഞാൻ
കാലത്തിൻ വഴിയെ എപ്പോഴെങ്കിലും
സന്ദർശകനാവാറുണ്ടെന്നച്ഛൻ എന്നാലും
ലോക ഗതിക്കു മുന്നിൽ യശസ്സുയർത്തുന്നെങ്കിലും
ഉള്ളകം സന്ദേഹം കൊള്ളുന്നു എന്തിനോ
വരുംകാലത്ത് വന്നിടും യാദൃശ്ചികത്തിനാവുമോ
വർത്തമാന പത്രം ഞാൻ എന്നും മറിക്കുമ്പോൾ
മനം നുറുങ്ങുന്ന വൃത്താന്തം കാണുന്നു ഞാൻ
ഒരിക്കൽ ഞാൻ കണ്ടീടുമോ എന്ന് ഭയക്കുന്നു
തൻ അച്ഛൻ മുഖം അങ്ങിനെ കണ്ടീടുമോ എന്ന്
കാത്തിരിക്കാറുണ്ട് ഞാൻ അച്ഛൻ വരുമെന്ന് അമ്മ ചൊല്ലുമ്പോൾ
പത്രത്തിൽ ഞാൻ കണ്ട ചായപ്പടത്തിലെ പട്ടാള വേഷത്തിൽ
മറച്ചുവെച്ചിട്ടുണ്ട് ആ കയ്യിലെന്തോ
എന്നിൽ തരാനായി സ്നേഹത്തിൻ ഭാഷയിൽ
മതിവരും വരെ അനുഭവിക്കാനാവുന്നില്ല ഒരിക്കലും
സ്നേഹത്തിൻ വേരു വകഞ്ഞകന്ന ആ സ്നേഹത്തിൻ രൂപത്തെ
ഇനിയെന്നെന്ന് അറിയില്ല എങ്കിലും
കാത്തിരിപ്പുണ്ട് ഞാൻ അകന്നു പോയ തൻ പിതൃസ്നേഹം

# നിയയും അമ്പിളിയും

ആദിത്യ
10 ഡി

പച്ചപുതച്ച നെൽപാടത്തി നരികിലായാണ് അവളുടെ വീട് . പുഴയിൽ നിന്നുമുള്ള തണുത്ത കാറ്റ് വീശി വയലിലെ നെൽ നാമ്പുകളെ തഴുകി അവളുടെ അരിലെത്തി ഈറൻ മുടിയിഴകൾ ഓരോന്നും കോതിമിനുക്കി കൊണ്ട് അവൾ വിളിച്ചു ചോദിച്ചു അമ്മേ.. ഞാൻ അമ്പിളീടെ വീട്ടിൽപോട്ടെ.. അമ്മ അടുക്കളയിൽ നിന്നും പറഞ്ഞു വേഗം വരണം അതു കേട്ട് സന്തോഷത്തോടെ കൂട്ടുകാരിയുടെ വീട്ടിലേക്ക് ഓടി.

നിയ അവധിക്കാലം ആഘോഷിക്കുകയാണ്. അമ്പിളി... നമുക്ക് കളിക്കാം നിയ അമ്പിളിക്കരികിലെത്തി. അവൾ പറയുന്നതൊന്നും ശ്രദ്ധിക്കാതിരുന്ന അമ്പിളിയുടെ അടുത്ത് ചെന്ന് ചോദിച്ചു അമ്പിളി നീയെന്താ എന്നോട് മിണ്ടാത്തെ ? പിണക്കാണോ ? പെട്ടന്ന് അവൾ തല ഉയർത്തി നോക്കി കൊണ്ട് പറഞ്ഞു നിയാ നീ കണ്ടില്ലേ.. ഞാനിവിടെ മൊബൈൽ ഫോണിൽ ഗെയിം കളിക്കാ എന്ന് ദേഷ്യത്തോടെ പറഞ്ഞു ഞാനില്ല എന്റെ അമ്മ പറഞ്ഞു പുറത്തു പോവരുത് എന്ന് . ഇത് കേട്ടതും നിയക്ക് സങ്കടമായി അവർ തിരിച്ചു പോയി.

വീട്ടിലെത്തിയ നിയ അമ്മടെ ഫോൺ തര്വോ കളിക്കാനാമ്മേ . നിയമോളുടെ ചോദ്യം കേട്ട് അമ്മ തിരിഞ്ഞു നോക്കി കൊണ്ട് പറഞ്ഞു. മോളെ അമ്മയുടെ കയ്യിൽ വില കുറഞ്ഞ ഫോണാണ് അതിൽ മോൾ പറയുന്ന ഗെയിമില്ല. നിയക്ക് സങ്കടമായി. അതുകണ്ട് അമ്മ തുടർന്നു. മോളു വലുതാവുമ്പോ ഇതൊക്കെ ആവിശ്യം വരും അപ്പം നമുക്കൊരെണ്ണം വാങ്ങാം. പിന്നെ മൊബൈൽ നല്ലതാണെങ്കിലു ഇത്ര ചെറുതിലെ അതിലെ കളികളിൽ പെട്ടാൽ ഗുണത്തിലേറെ ദോഷമാണ് മോളെ. ഇത് കേട്ട് നിയ തലയാട്ടിയിരുന്നു. എനിക്ക് വലുതാവുമ്പോൾ മതി അമ്മേ എന്ന് പറഞ്ഞു പറമ്പിൽ മറ്റു കുട്ടികളോടൊപ്പം കളിക്കാൻ തുടങ്ങി.

സ്കൂൾ തുറന്നു കുട്ടികളെല്ലാം പുത്തൻ ബാഗും വാട്ടർ ബോട്ടിലുമായി ഉത്സാഹത്തോടെ പോവാൻ തുടങ്ങി. കുറച്ചു കാലം കഴിഞ്ഞു. അമ്പിളിക്ക് വലിയ ചങ്ങാത്ത മൊന്നുമില്ലമ്മേ.. ചില സമയങ്ങളിൽ ചിരിക്ക പോലുമില്ല. ഒരു ഭംഗിയമില്ലാത്ത വലിയ ഒരു ചില്ലു ഗ്ലാസു വച്ചാണ് അവൾ സ്കൂളിലേക് വരുന്നതമ്മേ.. നിയ വിശേഷങ്ങൾ പറഞ്ഞു തുടങ്ങി.. ഓരോ ദിവസവും അമ്പിളിയെ കുറിച്ച കൂടുതൽ കാര്യങ്ങൾ അമ്മയോട് പറയാനുണ്ടായിരുന്നു. ഒരിക്കൽ അമ്മയോടൊത്ത് ഉത്സവത്തന് പോയപ്പോൾ അമ്പിളിയുടെ അമ്മയും അച്ഛനുമുണ്ടായിരുന്നു. എന്നാൽ അമ്പിളി മാത്രം ഉണ്ടായിരുന്നില്ല. അമ്മയും നിയയും അവർക്കരിക്കിൽ ലെത്തി അമ്പിളിയുടെ അമ്മയോടു ചോദിച്ചു മോളു വന്നില്ലേ..? ഇതു കേട്ടു ആ അമ്മയുടെ മുഖത്ത് ദുഖം നിറഞ്ഞു . ചേച്ചി കുറച്ചു നാളായി അവൾക്ക് സുഖമില്ല. മുറി അടച്ചു ഒരേ ഇരിപ്പാ.. പെട്ടന്ന് അച്ഛന്റ മൊബൈൽ ഫോൺ ശബ്ദിച്ചു. അത് കേട്ട് ദേഷ്യത്തോടെ പറഞ്ഞു. മൊബൈൽ അതാണ് എന്റെ കുഞ്ഞിനെ ഈ അവസ്ഥയിൽ ആവാൻ കാരണം ചേച്ചി പുറത്തു പോയി കളിച്ചിരുന്ന കുട്ടിയെ വീട്ടിൽ ഇരുത്താനായി ഞാൻ തന്നെയാണ് ഫോൺ കളിക്കാനായ് കൊടുത്തത്. ഇപ്പോൾ വിഷാദ രോഗമാണത്രേ.. കാഴ്ചയും കുറവാണ്. എന്റെ മോൾ.. എന്ന് വിലപിച്ചു. ആ അമ്മയുടെ കയ്യും പിടിച്ച് അമ്പിളിയുടെ അച്ഛൻ ധൃതിയിൽ അവിടെ നിന്നും പോകുന്നതും നോക്കി നിയയും അമ്മയും ഏറെ നേരം നിന്നു. അപ്പോൾ നിയമോൾക്ക് ഓർമ്മവന്നു . അന്ന് അമ്മ പറഞ്ഞ വാക്കുകൾ ഞാൻ ഒരിക്കലും മൊബെയിൽ ഫോൺ ദുരുപയോഗം ചെയ്യില്ലന്ന് അപ്പോൾ തന്നെ നിയമനസിൽ ഉറപ്പിച്ചു.

ശ്രേയ
പ്ലസ് ടു (B2)

# ലഹരി

എന്നെ അവർ കൊന്നതാണ് , അമ്മേ അച്ഛാ,എന്റെ ആത്മാവ് നിങ്ങളുടെ കൂടെ ഇരിക്കാൻ കൊതിക്കുകയാണ്, ഒരു നേരത്തെ എന്റെ തോന്നലിന് ഞാൻ ഈ പരലോകത്തും ഇത്ര കഠിനമായ വേദന അനുഭവിക്കുന്നു.. കരയുന്ന എന്റെ അമ്മയുടെ കണ്ണുനീർ ഒപ്പിയെടുക്കണം എന്ന് എനിക്കുണ്ട്, ആരും കാണാതെ തേങ്ങുന്ന അച്ഛനെയും എനിക്ക് കാണാം, ആദ്യമായി ഉണ്ടായ കൊച്ചുമകനെ ഇത്രയോളം താലോലിച്ചു കൊഞ്ചിച്ച അമ്മൂമ്മയുടെ വേദനയും ഞാൻ ഇന്ന് അറിയുന്നു, കുറുമ്പ് കാണിച്ച് കൊഞ്ചുന്ന എന്റെ അനിയത്തിക്കുട്ടിയേയും എനിക്ക് കാണാം . പക്ഷെ നിങ്ങളിലേക്ക് ഒന്ന് മടങ്ങി വരാൻ കഴിയാത്ത ദൂരത്ത് ഞാൻ എത്തും വരെ എന്റെ തെറ്റുകൾ എനിക്ക് ശെരികൾ ആയിരുന്നു. എന്റെ തെറ്റുകൾ തിരുത്തിയവർ എന്റെ ശത്രുക്കൾ ആയിരുന്നു. മാപ്പ് ചോദിക്കാൻ പോലും എന്നെക്കൊണ്ട് കഴിയില്ലല്ലോ.

അമ്മേ... എന്റെ പൊന്നമ്മേ ഒരു ഉരുള ചോറ് എനിക്ക് വാരി തരുമോ.. ഇന്നെന്റെ ഏറ്റവും വലിയ ആഗ്രഹം അതാണ്.. പക്ഷെ ലഹരിയുടെ മായാ ലോകം എന്റെ കണ്ണിനും മനസ്സിനും മുകളിലും മായാ ലോകം തീർത്തിരുന്നു. ഖേദിക്കുന്നു എന്ന് പറയാൻ പോലും എനിക്ക് ആകുന്നില്ലല്ലോ.. കാരണം എന്നെ ഒരു കഷ്ണം കയറിൽ തൂക്കിക്കൊന്നതും ഞാൻ തന്നെ അല്ലെ. അതിനുമാത്രം ധൈര്യം അമ്മയുടെ ഈ മോന് പതിനാറാം വയസ്സിൽ ഉണ്ടായിരുന്നോ.. ഇല്ല പക്ഷെ ആ ലഹരിയുടെ ആനന്ദം എന്നെ സന്തോഷിപ്പിക്കുക മാത്രമല്ല ഉപദ്രവിക്കുക കൂടി ആയിരുന്നു.

അമ്മേ അന്ന് ഞാൻ അവരെ ആദ്യമായി പരിചയപ്പെട്ടത് കൂട്ടുകാരന്റെ കൂടെ ആയിരുന്നു.. അവരുടെ സംസാരം അവരെന്നെ അവരുടെ ആനന്ദ വലയത്തിൽ കൊണ്ടെത്തിച്ചു.. കുഞ്ഞു മിഠായി തന്നു.. പിന്നെ പിന്നെ ആ മിഠായിയോട് അടങ്ങാത്ത കൊതി ആയി.. കൊതി ആർത്തി ആയി.. ആ കൊതി എന്നെ ഭ്രാന്തൻ ആക്കി.. അത് വെറും മിട്ടായി അല്ലെന്ന് തിരിച്ചറിഞ്ഞപ്പോഴേക്കും എനിക്ക് അതിൽ നിന്നും പുറത്ത് വരാൻ കഴിയാത്ത രീതിയിൽ ഞാൻ അതിൽ കുടുങ്ങിയിരുന്നു.

അമ്മയുടെ കൊഞ്ചൽ, അമ്മൂമ്മയുടെ താരാട്ട് , അച്ഛന്റെ ലാളന ഒന്നും കാണാത്ത രീതിയിൽ ആ മായാലോകം ഇരുട്ട് തീർത്തു. അവരെന്നോട് വലിയ പൈസ ആവശ്യപ്പെട്ടു.. മിഠായി വാങ്ങിക്കാൻ എന്റെ മറ്റു കൂട്ടുകാരെ പ്രലോഭിപ്പിക്കാൻ ആവശ്യപ്പെട്ടു..ഞാൻ എട്ടുകാലിയുടെ വലയിൽ അകപ്പെട്ട പ്രാണിയെ പോലെ ആയിപ്പോയി.

അമ്മ ആദ്യമായി എന്നെ കുത്തിവെപ്പിന് കൊണ്ട് പോയപ്പോ കരഞ്ഞ ആ എന്നെ എനിക്ക് പിന്നീട് ഓർമ വന്നില്ല.. എന്റെ മേൽ ആസകലം ഇൻജക്ഷൻ ചെയ്ത പാടുകൾ ആണമ്മേ.. ലഹരിയുടെ മായാലോകം വേദന പോലും അറിയിക്കാതെ എന്നെ ഒരു കൽപ്രതിമ ആക്കി തീർത്തു..ഒടുവിൽ അമ്മയും അച്ഛനും അമ്മൂമ്മയും നാട്ടുകാരും വീട്ടുകാരും അറിഞ്ഞപ്പോൾ, ലഹരിയുടെ അബോധാവസ്ഥക്കും ചെറിയ ബോധാ വസ്ഥക്കും ഇടയിൽ സ്വയം ഇല്ലാതാകുക എന്ന തീരുമാനം ഞാൻ എടുത്തു.

അമ്മേ അച്ഛാ മാപ്പ്.. ഇനിയും ഒരിക്കൽ കൂടെ നിങ്ങളുടെ നല്ല അപ്പൂസ് ആയി ഞാൻ ജനിച്ചോട്ടെ. എനിക്ക് ഒന്നും കൊതി തീർന്നില്ല. എനിക്ക് ഒരുമ്മ തരുമോ അമ്മേ.. എന്നെ ഒന്ന് ചേർത്ത് പിടിക്കുമോ അച്ഛാ.. അമ്മൂമ്മയുടെ അപ്പൂസിനെ വെറുക്കല്ലേ.. മാപ്പ്..

ഞാൻ അറിയുന്നു.. ലഹരിയുടെ മായയല്ല.. സ്നേഹത്തിന്റെ കരുതൽ.. കൊതി തീരാത്ത കരുതൽ.

# ത്യാഗം

**അയന**
**8 സി**

ഒരു ജീവൻ പൊഴിയുന്ന നേരത്ത് പോലും കരുണയില്ല
ഇന്ന് നാം മനുഷ്യർക്ക്...

പലധീര ദേശാഭിമാനികൾ പോലും രാജ്യത്തിനായി ജീവൻ ബലി കൊടുക്കുന്ന
എന്താണ് ത്യാഗം എന്നുള്ളതവർ സ്വന്തം ജീവൻ ബലി കൊടുത്തു തെളിയിക്കുന്നു.

വിശന്നു വലഞ്ഞു നടക്കുമ്പോൾ പോലും ഒരു പാവത്തിനായി അന്നം
പകർന്നാൽ അവനാണ് ദൈവം അവനാണ് ദൈവം..
ത്യാഗത്തിനുള്ളൊരു ഉത്തരമാണവൻ ത്യാഗം എന്നതേ നേട്ടം എന്നുള്ള
വള്ളത്തോളിൻ വരികൾ ഇന്നിവിടെ എത്രത്തോളം പ്രസക്തം!
ത്യാഗം എന്നുള്ള രണ്ടക്ഷരങ്ങൾക്കിന്നിവിടേ കോടാന കോടി അർത്ഥം
ഉണ്ടെന്ന് ഓർത്തീടേണം ത്യാഗം എന്നതേനേട്ടം എന്ന അമ്മഹാത്മാവിൻ
വാക്കുകൾ ഓർക്കാം നമുക്കോർത്തീടാമീ വേളയിൽ.

# അനീഷിയുടെ ആഗ്രഹം

**ഫാത്തിമ സുമാന**
**6 ഇ**

പണ്ട് പണ്ട് ഒരു രാജ്യത്ത് രാജാവ് ഒരു പള്ളിക്കൂടം ഉണ്ടാക്കി രാജകുമാരിയാണ് പഠിപ്പിച്ചിരുന്നത്. അങ്ങനെ ഒരിക്കൽ രാജകുമാരി പഠിപ്പിക്കുമ്പോൾ ഒരു കുട്ടി രാജകുമാരി പഠിപ്പിക്കുന്നത് നോക്കി നിന്നു. അവളുടെ പേര് അനീഷ എന്നായിരുന്നു. രാജകുമാരി അവൾ നോക്കുന്നത് കണ്ടു. എന്നിട്ട് അവളോട് വന്നു ചോദിച്ചു. നിന്റെ പേര് എന്താ. അനീഷ എന്ന് അവൾ മറുപടി പറഞ്ഞു. മോൾക്കും ഇവിടെ വന്ന് പഠിച്ചു കൂടെ എന്ന് രാജകുമാരി ചോദിച്ചപ്പോൾ അവൾ അവിടെ നിന്ന് ഓടിപ്പോയി. ഒരു മലക്കു മുകളിലായിരുന്നു അവളുടെ വീട്.അച്ഛൻ കൃഷിക്കാരൻ ആണ്. അമ്മ ഓരോ വീട്ടുകളിലും പോയി ജോലി ചെയ്യുന്നു. അവരെല്ലാം പോയാൽ അനീഷ് അവിടെ ഒറ്റയ്ക്ക് ഇരുന്ന് ആളുകളെ നോക്കലായിരുന്നു പണി. മാത്രമല്ല അവളുടെ.വലിയ ആഗ്രഹമായിരുന്നു പഠിക്കണമെന്ന്. അവൾ അമ്മയോട് ഞാൻ പഠിക്കാൻ പോട്ടെ എന്ന് ചോദിക്കുമ്പോൾ എല്ലാം അമ്മ അവളെ ശകാരിക്കും. ഇത് കേൾക്കുമ്പോൾ അവർ വീടിനുള്ളിൽ പോയിരിക്കും. ഇതേസമയം രാജകുമാരി അവളെ അന്വേഷിച്ച് അവളുടെ വീട്ടിലേക്ക് എത്തി. എന്നിട്ട് അവളുടെ അമ്മയോടും അച്ഛനോടും സംസാരിച്ചു. അവർ ആദ്യം സമ്മതിച്ചില്ല. രാജകുമാരൻ നിർബന്ധിച്ചപ്പോൾ അവർ സമ്മതിച്ചു. ഇത് കേട്ടു നിന്നിരുന്ന അനീഷക് വലിയ സന്തോഷമായി. അങ്ങനെ അവൾ പള്ളിക്കൂടത്തിലേക്ക് പോവൽ തുടങ്ങി. അവിടെ പഠിക്കുമ്പോൾ എല്ലാം അവളുടെ ആഗ്രഹം രാജകുമാരിയെ പോലെ പഠിപ്പിക്കുന്ന ഒരു ടീച്ചർ ആവണം എന്നായിരുന്നു. അതിനുവേണ്ടി അവൾപരിശ്രമി ച്ചു. ആ പള്ളിക്കൂടത്തിലെ ഏറ്റവും മികച്ച വിദ്യാർത്ഥിനിയായി അവൾ മാറി. മാത്രമല്ല അവൾ ഒരു ടീച്ചർ ആവുകയും ചെയ്തു. ഈ കഥയിൽ നിന്ന് നാം മനസ്സിലാക്കേണ്ടത് വിദ്യാഭ്യാസം അതിന്റെ അവകാശമാണ്.

# ഓണം

**ഗായത്രി**
**6 എ**

ഓണത്തെ വരവേൽക്കാൻ ഞങ്ങൾ ഒരുങ്ങി
കൂട്ടുകാരോടൊപ്പം ഞങ്ങൾ ഒരുങ്ങി
പുത്തനുടുപ്പും പൂക്കളുമായി ഓണത്തെ വരവേൽക്കാൻ ഞങ്ങൾ ഒരുങ്ങി
ചിങ്ങമാസത്തിലെ തിരുവോണനാളിലെ ഓണത്തെ വരവേൽക്കാൻ ഞങ്ങൾ ഒരുങ്ങി
പൂക്കളമിട്ട് മാവേലിയെയും കാത്ത് ഞങ്ങളിരുന്നു പച്ചടിയും കിച്ചടിയും പായസവും
കൂട്ടി സദ്യ ഉണ്ണാൻ ഞങ്ങൾ ഒരുങ്ങി
ഊഞ്ഞാലിലാടി കളിച്ചു രസിച്ചു നല്ലൊരു ഓണം കഴിഞ്ഞു

മുബഷിറ
10 ഡി

# അറിവിന്റെ ലോകത്തേക്ക് ഒരു യാത്ര

തന്റെ രാജ്യത്തെ ചെറിയ പട്ടണത്തിലൂടെ യാത്ര ചെയ്യുമ്പോളായിരുന്നു രാജാവ് ഒരുപാട് വ്യക്തികളെ കാണാൻ ഇടയത് "ഇവരാണ് നമ്മുടെ രാജ്യത്തിന്റെ ഭാവിയും ശക്തിയും " എന്ന് മന്ത്രി രാജാവിനോട്

പറഞ്ഞു. യാത്രകഴിഞ്ഞ തിരിച്ചെത്തിയ രാജാവിന്റെ മനസ്സിൽ ഇപ്പോഴും മന്ത്രി പറഞ്ഞ ആ വാക്കുകളായിരുന്ന

ഒരു പാട് വ്യക്തികൾ അലഞ്ഞു തിരിഞ്ഞു നടക്കുവാന്ന് അറിവുള്ളവരാകണ്ടത് തന്റെ ഉത്തരവാദിത്വമാണ് എന്നത് രാജാവിന്റെ മനസ്സിനെ വല്ലാതെ അശ്വസ്ഥനാക്കി .അപ്പോഴാണ് രാജാവ് ഒരു തീരുമാനത്തിൽ എത്തിയത് ഉടനെ തന്നെ പണ്ഡിതന്മാരെയും അധ്യാപകരെയും വിളിച്ചു കൂട്ടി,ഈ ലോകത്ത് കിട്ടാവുന്ന അത്രയും അറിവ് ശേഖരിക്കാൻ അവരോട് ആവശ്യപ്പെട്ടു .എല്ലാവരും രാപകലില്ലാതെ അധ്വാനിച്ചു അങ്ങനെ ഒരു വലിയ library തന്നെ രൂപീകരിച്ചു .ഇതു കണ്ട രാജാവ് ഒരു പാട് സന്തോഷവാനായി .എത്ര അറിവുകളാണ് തന്റെ മുന്നിൽ തുറന്ന് കിടക്കുന്നത്! അത് ഈ ആളുകൾക്കായി തുറന്നു കൊടുത്തു .അധികം വൈകാതെ തന്നെ അവർ കൊട്ടാരത്തിൽ ഒരു പരാതിയുമായി എത്തി .എത്ര പുസ്തകങ്ങളാണ് ആ library ൽ അതു വായിച്ച തീരുവാൻ ഒത്തിരി സമയം എടുക്കും ഇതു കേട്ട രാജാവ് ഉടനെ തന്നെ പണ്ഡിതരെ വിളിച്ചു ഈ അറിവെല്ലാം ഒരു പുതകത്തിലേക്ക് ആക്കണം ഇതു കേട്ട് അവർ ഏറ്റവും മികച്ച ആശയങ്ങളും വരികളും ചേർത്ത് ഒരു പുസ്തകം ഉണ്ടാക്കി ഇതു രാജാവിന് കാണിച്ചു കൊടുത്തു ഇതു കണ്ടപ്പോൾ രാജാവ് ഒരുപാട് സന്തോഷിച്ചു ഈ പുസ്തകം അവർക്ക് നൽകി പിന്നെ അവരുടെ പരാതി പുസ്തകത്തിന്റെ വലുപ്പത്തിലായി .രാജാവ് വീണ്ടും പണ്ഡിതരെ വിളിച്ചു പുസ്തകത്തിലുള്ളതെല്ലാം ഒരു വാചകത്തിലേക്ക് ചുരുക്കണം കുറച്ചു ദിവസങ്ങൾ കഴിഞ്ഞപ്പോൾ പണ്ഡിതർ ആ വാചകവുമായി എത്തി ഇതായിരുന്നു ആ വാചകം "ജീവിതത്തിൽ ഒരു കാര്യവും വെറുതെ ലഭിക്കില്ല "നമ്മുടെ മുമ്പിൽ അറിവിന്റെ ഒരു വലിയ ലോകം തന്നെ ഉണ്ട് .ഏത് രീതിയിൽ അറിവ് നേടണമെങ്കിലും അതു നമ്മുടെ വിരൽ തുമ്പിൽ തന്നെ ലഭിക്കും .ഇന്നുമുതൽ ഒരു പുസ്തകം കയ്യിൽ എടുക്കണം നമ്മുടെ അലസതകളെ മാറ്റി വെച്ചു അറിവ് തേടിയുള്ള യാത്ര തുടങ്ങുക .അറിവാണ് ഈ ലോകത്തെ ഏറ്റവും മികച്ച ധനം .

നിവേദിത
10 ഡി

# നിഴൽ

ഇരുണ്ട വെളിച്ചത്തിൽ ആ ഗെയ്റ്റും കടന്ന് റോഡിലേക്ക് ഇറങ്ങി നടന്നപ്പോൾ സമയം എന്തായിരുന്നു പോലും നിശ്ചയമില്ല. ആ നിഗൂഢത നിറഞ്ഞ രാത്രിയിൽ എന്റെ ധൈര്യം കൈവിടാതെ ഞാനെന്റെ നടത്തം തുടർന്നുകൊണ്ടിരുന്നു. പകുതി മറഞ്ഞു തുടങ്ങുന്ന അവ്യക്ത മുഖം മാത്രമേ ചന്ദ്രനുണ്ടായിരുന്നുള്ളൂ. എന്നെ പിന്തുടരുന്നത് ആരാണെന്നു ഞാൻ ചെറിയ ഭയത്തോടെ നോക്കി. അത് മാറ്റാരുമായിരുന്നില്ല ഞാൻ തന്നെ ആയിരുന്നു. നിഴലിനെ ഭയന്ന് ഇരുട്ടിനെ മാത്രം അഭയം തേടുന്ന കാലം വിദൂരമല്ലെന്ന് മനസ്സ് മന്ത്രിക്കുന്നത് ഞാൻ അറിഞ്ഞു. തണുപ്പ് എന്നെ വന്നു പൊതിഞ്ഞു. ഇട്ടിരുന്ന വസ്ത്രത്തിനുപോലും ഭാരം കൂടുന്നതുപോലെ. അപ്പോഴും അയാളെ വിട്ടുപോകാത്തത് ഒരേ ഒരു കാര്യം മാത്രമാണ് അയാളുടെ സ്വപ്നം. അതെന്തിനെന്ന് അയാൾ ചിന്തിക്കാത്ത ദിവസങ്ങൾ ഇല്ല. ഈ സ്വപ്നത്തിനൊന്നും ഒരർത്ഥവും നൽകാൻ കഴിയില്ലെന്ന് മനസിനെ പറഞ്ഞു പഠിപ്പിക്കുന്ന സ്വപ്നം. തിരിഞ്ഞു നോക്കിയപ്പോഴേക്കും ആ രൂപം എന്നിലേക്കടുത്തിരുന്നു. എന്തോ പറയാനുള്ള പോലെയാണ് ആ രൂപത്തിന്റെ വരവ്. മേഘം കറുത്തിരുണ്ട് മഴ പെയ്യാൻ വിതുമ്പുന്ന പോലെ ആകാശം വന്നപ്പോഴേക്കും ആ രൂപം എന്റെ കണ്മുന്നിൽ നിന്ന് കാണാതായി. ആ രൂപത്തിന് എന്നോടെന്തെങ്കിലും പറയാൻ ഉണ്ടായിരുന്നോ! താനതു ചോദിച്ചതുമില്ല. ഞാൻ വീണ്ടും ആ രൂപത്തെ തിരയാൻ തുടങ്ങിയപ്പോഴേക്കും ഞാൻ കണ്ണ് തുറക്കുകയും ആ കാഴ്ച നഷ്ടമാവുകയും ചെയ്തു.

ഈ ഒരു കഥ  എന്ന് പറയുന്നത് പ്രകൃതി തന്റെ ജീവിതത്തെക്കുറിച്ച് സ്വയം പറയുന്നതാണ്

# പ്രകൃതിയെന്ന ഞാൻ

**ജാസിൽ ഫർഹാൻ**
**10 ഇ**

ഒരുപാട് വർഷങ്ങൾക്ക് മുമ്പ്എനിക്കൊരുസുവർണ്ണകാലം ഉണ്ടായിരുന്നു. ഒരുപാട് പേരുടെ ജീവിതവും വാസസ്ഥലവും എല്ലാം എന്റെ ഒരു പ്രധാന ഭാഗമായിരുന്ന വനങ്ങൾ ആയിരുന്നു. അവർ ഭക്ഷണത്തിന് എന്നെ ആശ്രയിച്ചു, ജീവിതം മാർഗ്ഗത്തിന് എന്നെ ആശ്രയിച്ചു, വാസസ്ഥലത്തിന് എന്നെ ആശ്രയിച്ചു. എന്നെ നശിപ്പിക്കുന്ന ഒരു രീതിയിലുള്ള ഒരു ശ്രമവും അവരുടെ ഭാഗത്തുനിന്നും ഉണ്ടായിട്ടില്ല. മനുഷ്യരുടെ പുറമേ ഒരുപാട് മൃഗങ്ങളും ജന്തുജാലങ്ങളും എന്നെ ആശ്രയിച്ച് ജീവിച്ചു. ഒരുപാട് തലമുറ എന്നിലൂടെ കടന്നു പോയി. അതിൽ എല്ലാം ഞാൻ വളരെയധികം സന്തോഷിക്കുന്നു.

എന്നാൽ ഇന്നുള്ള മനുഷ്യർ എനിക്കൊരുപാട് ദുഃഖമാണ് തരുന്നത്. പ്രകൃതിയെന്ന എന്നെ ആശ്രയിച്ചുകൊണ്ട് ഒരുപാട് ജീവജാലങ്ങൾ ഇന്ന്ജീവിക്കുന്നു . ഈ തലമുറയിലെ കുട്ടികളെ വീടിനു പുറത്തേക്ക് കാണുവാനില്ല. ഞങ്ങളെ മനുഷ്യർ വളരെയധികം ചൂഷണം ചെയ്യുന്നു. എന്തുകൊണ്ടെന്നാൽ അവർക്ക് പണമാണ് വലുത്. ഇപ്പോൾ അതിനുവേണ്ടിയാണ് അവർ ഞങ്ങളെ ഉപയോഗിക്കുന്നത്. സുന്ദരമായ വയലുകൾ അവർ നികത്തുന്നു. അതുമൂലം ഒരുപാട് ജീവജാലങ്ങൾക്കും പക്ഷികൾക്കും ഭക്ഷണം നഷ്ടപ്പെടുന്നു. പുഴകളിൽ നിന്നും മണൽ വാരുന്നു. എന്റെ മറ്റു ഭാഗങ്ങൾ ആയ കുന്നുകൾ ഇടിച്ചു നിരത്തിയും മരങ്ങളും മുറിച്ചും തോടുകൾ നികത്തിയും മനുഷ്യർ വലിയ വലിയ കെട്ടിടങ്ങളും മറ്റു സമുച്ചയങ്ങളും ഇന്ന് പണിയുന്നു.  ഇന്നത്തെ കാലത്ത് മഴ കുറവും ഉഷ്ണം കൂടുതലും ആണുള്ളത്  ഇതിനെല്ലാം പ്രധാന കാരണം ഞങ്ങളുടെ മേലുള്ള അതിക്രമമാണ്. എന്നാൽ ഇത് അവർ ചിന്തിക്കുന്നില്ല. ജീവിതവും ഞങ്ങളും ദുരിതത്തിലേക്ക് ആണ് പോകുന്നത്. ദയവായി ഞങ്ങളെ ഇനി ഉപദ്രവിക്കരുത്.

## 'പ്രകൃതിയെസംരക്ഷിക്കുക'

# അമ്മ

**മുനവ്വിറ**

എന്താണ് അമ്മേ നിങ്ങളുടെ ലക്ഷ്യം?
എന്താല്ലാം  ലക്ഷ്യങ്ങൾ ഉണ്ടായിരുന്നു
എല്ലാത്തിനെയും ഇട്ടേച്ചു പോയ്
ഈ നാലുമുറി അടുക്കളയിലെ വേലക്കാരിയായ്...
ഇരുട്ടിനുഉള്ളിൽ തടക്കലിലായ്...
എന്തിനും ഏതിനും കൂട്ടുനിന്നു...
എത്രയോ വേദനകൾ
മസ്സിൽകൊണ്ട് നടന്നു...
ദുഃഖത്തിലും സന്തോഷത്തിലും
പങ്കു ചേർന്നു...
വീടിന്റെ അത്താണിയായ്...
വീടിന്റെ നിലാവെളിച്ചമാണ്
"അമ്മ "

ശിവശ്രീ
10 എ

## POLLUTION

There is no waste in my country. The use of plastics causes many diseases in the world. We must stop it together. We are surrounded by air pollution, plastic pollution and why not water pollution. If plastic is deposited in the soil, it will contaminate the soil. Bottles and plastic bags deposited in rivers and seas can contaminate water. This can lead to a variety of contaminants and diseases. To prevent this, we can reduce plastic items. In the same way, let us protect our country and country together.

**"PREVENT POLLUTION..
IT IS THE DUTY OF EACH AND
EVERY ONE OF US TO PROTECT THE EARTH."**

നിവേദ്യ
10 എ

## കേരളം

കേരളം വളരുന്ന പശ്ചിമഘട്ടങ്ങളെക്കേറിയും
കടന്നും ചെന്നന്യമാം രാജ്യങ്ങൾ
പുഴയും തോടും മോടി കൂട്ടും മലരണിക്കാടുക്കളും
ദൈവത്തിന്റെ സ്വന്തം നാട്
പീലി നിവർത്തിനിന്നാടും മയിലുകളും
പീലി നിവർത്തിനിന്നാടും കേരമരത്തകത്തോപ്പും
നീളേ കളകളം പാടുംപുഴകളും

മുഹമ്മദ് ജവാദ്
6 എ

## ചതിയനായ കുറുക്കൻ

പണ്ട് പണ്ട് രണ്ട് ആടുകൾ ഉണ്ടായിരുന്നു. രണ്ട് പേരും നല്ല ചങ്ങാതിമാരായിരുന്നു. ഒരു ദിവസം അവർ ഒരുമിച്ച് പുല്ല് തിന്നുകയായിരുന്നു. അപ്പോൾ ഒരു കുറുക്കൻ കെണിയിൽ കുടുങ്ങി കിടക്കുന്നത് കണ്ടു. അത് കണ്ട് ആടുകൾ പേടിച്ചു.ആ കുറുക്കൻ ആടുകളോട് പറഞ്ഞു:ചങ്ങാതിമാരേ ദയവായി എന്നെ ഈ കെണിയിൽ നിന്ന് രക്ഷിക്കുമോ. അപ്പോൾ ഒരു ആട് പേടിച്ച് ഓടിപ്പോയി.ഒരു ആട് അവിടെത്തന്നെ നിന്ന് കുറുക്കനെ രക്ഷിച്ചു. അങ്ങനെ ആടും കുറുക്കനും ചങ്ങാതിമാരായി.ഒരു ദിവസം ചതിയനായ കുറുക്കൻ ആടിനെ സൽക്കാരത്തിന് വിളിച്ചു. ആട് സന്തോഷത്തോടെ കുറുക്കന്റെ വീട്ടിലേക്ക് പോയി.ആ ആട് ഒറ്റക്കായത് കൊണ്ട് ആടിനെ കുറുക്കൻ കൊന്നു തിന്നു.

ഇതിൽ നിന്ന് നമുക്ക് മനസ്സിലാക്കാം അപരിചിതനെ കണ്ടാൽ അവരോട് കൂട്ടുകൂടാൻ പാടില്ല.

# ബെന്യാമിന്റെ ആടുജീവിതം

ജാസിൽ
പ്ലസ് ടു (B2)

ആധുനിക മലയാളസാഹിത്യത്തിലെ നോവൽ വായനയിൽ സമാനതകൾ ഇല്ലാത്ത വസന്തം സൃഷ്ടിച്ചു മുന്നേറുന്ന കൃതിയാണ് ആടുജീവിതം. ജീവിതത്തിൽ നിന്നും ചീന്തിയെടുക്കുന്ന ഒരേട ല്ല ; ചോര വാർക്കുന്ന ജീവിതം തന്നെയാണ് ബെന്യാമിന്റെ ആടുജീവിതം. സഹൃദയരായ വായനക്കാർ മാത്രമല്ല, ജീവിതത്തിൻറെ സമസ്ഥലങ്ങളിലുള്ള മുഴുവൻ ആളുകളും വായിച്ചിരിക്കേണ്ട പുസ്തകം എന്നീ കൃതിയെ വിശേഷിപ്പിക്കാം. ആട് ജീവിതത്തിൻറെ ഗ്രന്ഥകാരനായ ബെന്യാമിനെ കുറിച്ച് പറയുകയാണെങ്കിൽ അദ്ദേഹം നല്ലൊരു നോവലിസ്റ്റും ചെറുകഥാകൃത്തുമായിരുന്നു. അദ്ദേഹം 1992 മുതൽ 2013 വരെ പ്രവാസജീവിതം നയിച്ച ഒരു വ്യക്തി കൂടിയാണ്. ആയതിനാൽ അദ്ദേഹത്തിൻറെ മിക്ക നോവലുകളുടെയും സാരാംശം ഗൾഫ് പ്രവാസ ജീവിതം തന്നെയാണ്. അദ്ദേഹത്തിൻറെ നോവലായ 'മുല്ലപ്പൂ നിറമുള്ള പകലുകൾ' 'അൽ അറേബിയൻ നോവൽ ഫാക്ടറി' 'ആടുജീവിതം' തുടങ്ങിയ നോവലുകൾ ഇതിന് ഉദാഹരണം മാത്രമാണെങ്കിലും അദ്ദേഹത്തിൻ്റെ നോവലുകളിൽ ഇപ്പോഴും മുന്നിൽ നിൽക്കുന്നത് ആടുജീവിതമാണ്.

തൻറെ തൃപ്തിക്കായോ, വായനക്കാരന്റെ ആസ്വാദനത്തിനായി ബെന്യാമിൻ തുന്നി ചേർക്കലുകൾ ഒന്നും നടത്തിയിട്ടില്ല. നോവലിൽ ബെന്യാമിൻ നജീബിന്റെ കഥ പറയുകയല്ല, മറിച്ച് ആ മനുഷ്യൻറെ ആത്മാവിൽ അലിഞ്ഞുചേർന്ന് അയാൾ നജീബ് ആവുകയാണ്. നോവും നൊമ്പരവും കഷ്ടതയും നിസ്സഹായ അവസ്ഥയും അതിൻറെ തീവ്രത ഒട്ടും നഷ്ടപ്പെടുത്താതെ ആവിഷ്കരിച്ച കഥാകൃത്തിന്റെ നൈപുണ്യം പ്രശസ്തനീയം തന്നെ.

ആലപ്പുഴ ജില്ലയിലെ കാർത്തികപ്പള്ളി താലൂക്കിൽ ആറാട്ടുപുഴ പഞ്ചായത്തിൽ 1962 മെയ് 15ന് ജനിച്ച നജീബ് എന്ന വ്യക്തിയുടെ യഥാർത്ഥ ജീവിതത്തെ ആസ്പദമാക്കിയാണ് കൃതി.കേരളത്തിൽ ഒരു മണൽവാരൽ തൊഴിലാളിയായി ജോലി ചെയ്തിരുന്ന വ്യക്തിയാണ് നജീബ്. ഒരു സുഹൃത്തിൻറെ സഹായത്തോടെ അയാൾക്ക് സൗദി അറേബ്യയിൽ വിസ ലഭിച്ചു. അതോടെ നജീബിന്റെ ഉള്ളിൽ ഒരു പ്രത്യാശയുടെ നാമ്പ് മുളക്കുന്നു. നജീബിന്റെ കൂടെ ഹക്കീം എന്ന സുഹൃത്തിനും വിസ ലഭിച്ചിരുന്നു. റിയാദിൽ വിമാനം ഇറങ്ങിയ ഇരുവരും തെറ്റിദ്ധാരണയുടെ പുറത്ത് സ്പോൺസർ ആണെന്ന് കരുതി ഒരു അറബിയെ കണ്ടുമുട്ടുന്നു. ഇവർ ഇവരും അറബാബിൻ്റെ കൂടെ ചെന്നെത്തിയത് മസ്ര എന്ന വൃത്തിഹീനമായ രണ്ട് തോട്ടത്തിലേക്ക് ആയിരുന്നു. വൃത്തിഹീനമായ സാഹചര്യത്തിൽ ആടുകളെയും ഒട്ടകങ്ങളെയും പരിപാലിച്ചുള്ള വിശ്രമമില്ലാത്ത ജീവിതമായിരുന്നു മസറയില് നജീബിനെ കാത്തിരുന്നത്. അവിടെ ചെന്നെത്തിയ നജീബ് കണ്ടത് ഒരു  വേലക്കാരൻ ആയ "ഭീകരരൂപി"യെ ആയിരുന്നു. എന്നാൽ നജീബ് വന്ന് കുറച്ച് ദിവസങ്ങൾ കഴിഞ്ഞപ്പോഴേക്കും ആ വേലക്കാരൻ മരണപ്പെട്ടു. അവിടെയെത്തിയതിൽ പിന്നെ നജീബ് ഹക്കീമിനെ കണ്ടതേയില്ല. നജീബ് ഹക്കീമിനെ കുറിച്ച് വ്യാകുലനായിരുന്നു. എന്നാൽ ആ ഭീകര രൂപിയുടെ മരണത്തിനുശേഷം നജീബിന് ആ മസറയിലെ മുഴുവൻ ജോലികളും ചെയ്യേണ്ടി വന്നു.

പച്ചപ്പാലും ,കുബ്ബൂസും ചുരുങ്ങിയ അളവിൽ വെള്ളവും മാത്രമായിരുന്ന ആകെ കിട്ടിയിരുന്ന ഭക്ഷണം. താമസിക്കാൻ മുറിയോ, കിടക്കയോ ,വസ്ത്രമോ, കുളിക്കുന്നതിനോ, ശുചിത്വ പരിപാലനത്തിനോ ഉള്ള സാഹചര്യമോ ഉണ്ടായിരുന്നില്ല. അർബാബ് സ്ഥിരമായി നജീബിനെ മർദ്ദിച്ചിരുന്നു. കഥയിലെ ചില വരികൾ മർദ്ദനത്തിന്റെ ആഴം വർദ്ധിപ്പിക്കുന്നു. പിന്നീട് നജീബ് ആ ജീവിതവുമായി ഇണങ്ങിച്ചേരുന്നു. ആടുകൾക്ക് നാട്ടിലെ കഥാപാത്രങ്ങളുടെയും സ്വന്തക്കാരുടെയും പേരുകൾ നൽകി അവരുമായി സംസാരിച്ചാണ് തൻറെ ഏകാന്തതയ്ക്ക് നജീബ് ആശ്വാസം കണ്ടെത്തിയത്. അതിനിടയ്ക്ക് നജീബ് ഹക്കീമിനെ കണ്ടെത്തിയിരുന്നു.ഒരു ദിവസം നജീബ് ഹക്കീമിനെ കാണാൻ ചെന്നപ്പോൾ അവൻറെ കൂടെ ഒരു സോമാലിയ കാരനെ ഏർപ്പെടുത്തിയത് അറിഞ്ഞു .ഖാദരി എന്നായിരുന്നു അയാളുടെ പേര്. മൂവരും കൂടി ആ മസറയിൽ നിന്ന് ഒളിച്ചോടാൻ ശ്രമിച്ചു. മറ്റൊരു അറബാബിന്റെ മകളുടെ വിവാഹത്തിന് പോയ സമയം നോക്കിയാണ് ഇവർ ഒളിച്ചോടാൻ ശ്രമിക്കുന്നത്.

എന്നാൽ മസ്രയിൽ നിന്ന് ഒളിച്ചോടിയതിനുശേഷം ആണ് മരുഭൂമിയുടെ വലുപ്പം ശരിക്കും നജീബിന് വ്യക്തമായത്. മണൽത്തരികളിലൂടെയുള്ള കുറേ ദിവസത്തെ യാത്രകൾ നജീബിനെ കുറെ പാഠങ്ങൾ പഠിപ്പിച്ചു. മരുഭൂമിയിലൂടെയുള്ള നീണ്ടുനിന്ന പാലായനത്തിൽ ദിശ നഷ്ടപ്പെട്ട അവർ ദാഹവും വിശപ്പും കൊണ്ട് വലഞ്ഞു. യാത്രക്കിടയിൽ ദാഹം സഹിക്കാതെ ഹക്കീം ദാരുണമായി മരിച്ചു. പിന്നെയും പാലായനം തുടർന്ന ഖാദരിയും നജീബും ഒടുവിൽ മരിപ്പച്ച കണ്ടെത്തി. അവിടെ ദാഹം തീർത്ത് കുറച്ചുദിവസം തങ്ങിയതിനുശേഷം അവർ വീണ്ടും യാത്ര തുടർന്നു. ഒടുവിൽ നജീബ് ഒരു ഹൈവേയിൽ എത്തുമ്പോഴേക്കും ഖാ ദരിയെ കാണാതാകുന്നു. അവിടെനിന്നും ഒരു അറബി നജീബിനെ തന്റെ കാറിൽ കയറ്റി റിയാദിലെ ബഹ്തയിൽ എത്തിച്ചു.

അവിടെയെത്തിയ നജീബ് തൻറെ സുഹൃത്തായ കുഞ്ഞിക്കയുടെ ദീർഘനാളത്തെ പരിചരണത്തിനൊടുവിൽ മനുഷ്യരൂപവും ആരോഗ്യവും വീണ്ടെടുത്തു. നാട്ടിലേക്ക് മടങ്ങാനായി അയാൾ പോലീസിൽ പിടികൊടുത്തു. ഷു മേസി ജയിലിലെ ഏതാനും മാസങ്ങൾക്കുശേഷം നജീബിൻ്റെ അറബി ജയിലിൽ വന്ന് നജീബിനെ തിരിച്ചറിഞ്ഞെങ്കിലും തിരിച്ചുകൊണ്ടു പോയില്ല. അയാളുടെ നിസ്സഹായത കണ്ടിട്ടാവണം. എന്നാൽ അത് നജീബിന് വേറൊരു ജീവിതം സൃഷ്ടിച്ചു കൊടുക്കുകയായിരുന്നു. തുടർന്ന് ഇന്ത്യൻ എംബസി നൽകിയ ഔട്ട് പാസ് മുഖേന നജീബ് നാട്ടിൽ തിരിച്ചെത്തുന്നു.

ഒരു അതിജീവനത്തിന്റെ കഥ തന്നെയാണ്'ആടുജീവിതം'. യാതനയും വേദനയും നിറഞ്ഞ നാളുകൾ അയാളെ ആകെ ഇല്ലാതാക്കുന്നു. മനുഷ്യന്റെ സഹനശേഷിയെ വിരൽചൂണ്ടുകയാണ് ഈ നോവൽ. അതിനാൽ തന്നെ ഈ നോവലിനെ ഇന്നും എന്നും വളരെ പ്രാമുഖ്യം ഉണ്ട്. ഇത് വെറും ഒരാളുടെ കഥയല്ല, നാമറിയാതെ പോകുന്ന ഏതൊക്കെ മനുഷ്യജീവന്റെ കഥയായിരിക്കും. നാം അനുഭവിക്കാത്ത ജീവിതം എല്ലാം നമുക്ക് വെറും കെട്ടുകഥകൾ മാത്രമാണ്. ബെന്യാമിൻ ഒരു വ്യത്യസ്ത രീതിയിലാണ് ഈ നോവൽ രചിച്ചിരിക്കുന്നത്. അതിനാൽ തന്നെ അവ നോവലിന്റെ ഭാവ തീവ്രത വർദ്ധിപ്പിക്കുന്നു.

നജീബ് ഇന്നലെകളെ കുറിച്ച് വ്യാകുലപ്പെടുകയോ നാളെ കുറിച്ച് ആകാംക്ഷപ്പെടുകയും ചെയ്തിരുന്നില്ല. എന്നാൽ ഇന്നിനെ എങ്ങനെ നേരിടാം എന്ന് മാത്രമേ ചിന്തിച്ചിരുന്നുള്ളൂ. മസറയിൽ ഓരോ ജോലി ചെയ്യുമ്പോഴും മനസ്സിലേക്ക് സ്വന്തം വീടും നാടും ഉമ്മയും ഭാര്യയും എല്ലാം കടന്നുവരുന്നുണ്ട്. അവയെല്ലാം ഒരു ഓർമ്മകൾ മാത്രമായി മാറും എന്നായിരുന്നു അയാളുടെ ഭയം. എന്നാൽ മസറയിൽ നിന്നുള്ള തൻറെ ഒളിച്ചോട്ടം അയാളുടെ മനസ്സിൽ ഒരു പുതുജീവൻ ഉടലെടുക്കുന്നു.ഗൾഫ് പ്രവാസത്തിന്റെ നമ്മൾ കാണാത്ത ഒരു മുഖം പരിചയപ്പെടുത്തുന്നത് കൂടിയാണ് ഈ നോവൽ.

# ഒരു ഇരുണ്ട രാത്രി

മുനവ്വിറ
പ്ലസ് ടു (H2)

അലക്സ എന്ന പെൺകുട്ടി ഒരു ചെറിയ കാട്ടിലാണ് താമസിക്കുന്നത്. അവളുടെ വീട്ടിൽ അവൾ തനിച്ചാണ്. അവൾ രാപകലുകൾ വീട്ടുജോലികൾ ചെയ്തും, അവൾക്ക് ആവശ്യമായ പച്ചക്കറികൾ നട്ടുപിടിപ്പിച്ചും, പുസ്തകങ്ങൾ വായിച്ചും, ചിലവഴിച്ചിരുന്നത്. ഇങ്ങനെയാണ് അവളുടെ ഓരോ ദിവസവും കഴിഞ്ഞിരുന്നത്.

ഒരു ദിവസം അവൾ എല്ലാ ജോലികളും കഴിഞ്ഞ് വായിച്ച കൊണ്ടിരിക്കുകയായിരുന്നു. അപ്പോഴാണ് അവൾ ഒരു വിളി കേട്ടത്. അലക്സ.... അലക്സ..., ആരാ എന്ന ചോദ്യവുമായി അവൾ വാതിൽ തുറന്നു. മീര... നീയാണോ.. അത് അവളുടെ തെക്കേ കരയിലെ കൂട്ടുകാരിയായിരുന്നു. അവൾ വെറുതെ വന്നതാണ് രണ്ടു പേരും കുറയെ സമയം സംസാരിച്ചു കൊണ്ടിരുന്നു.

അലക്സായുടെ വീട്ടിന് അരികിൽ ഒരു വലിയ മലയുണ്ട്. ആ മലയിലേക്ക് എത്തണമെങ്കിൽ കാടുകഴിഞ്ഞിട്ട് വേണം. മീര പറഞ്ഞു:നമുക്ക് മലയിലേക്ക് പോയാലോ.. ഇപ്പോഴോ...അലക്സ മറുപടി പറഞ്ഞു. അവർ പോവാൻ തീരുമാനിച്ചു.

സൂര്യൻ അസ്തമിച്ചു തുടങ്ങി. പ്രകാശ പൂരിതമായ ആകാശം ഇരുട്ടിലേക്ക് ചെയ്തുകൊണ്ടിരുന്നു.അവർ രണ്ടു പേരും പോവാൻ ഇറങ്ങി.

അവർ കാട്ടി നെടുത്തെത്തി.കാട്ടിലേക്ക് പ്രവേശിക്കുന്നിടത് ഒരു ബോർഡ് കണ്ടു. അതിൽ എഴുതിയിരിക്കുന്നത് "വന്യ ജീവികളെ സൂക്ഷിക്കുക"എന്നായിരുന്നു.രണ്ടു പേർക്കും പേടിയുണ്ട്.അവർ കൈകൾ കോർത്തു പിടിച്ച് മുന്നോട്ട് പോവാൻ തുടങ്ങി. പല ഭാഗത്തു നിന്നും മൃഗങ്ങളുടെയും, പക്ഷികളുടെയും, ശബ്ദം മിന്നി മറയുന്നു. അവർ പേടിച്ചു ഓരോ കാലടിയും മുന്നോട്ട് വെച്ചു. ശക്തമായ കാറ്റ് വീശുന്നു. മരച്ചില്ലകൾ കൂട്ടിമുട്ടുന്ന ശബ്ദം, പക്ഷികൾ കൂവിവിളിക്കുന്നു, വഴിയിലേക്ക് ഓരോ ഇലകളും കൊഴിഞ്ഞു ചാടുന്നു. അവർ മലയുടെ അടുത്തെത്തി. ഇരുട്ട് മൂടിയിരുന്നു . മലയുടെ അടുത്ത് ഒരു ബോർഡ് ഉണ്ട്.അത് അവർ വായിക്കാൻ നോക്കി കഴിഞ്ഞില്ല. കണ്ണുകൾ തിരുമ്പി ഒന്നുകൂടെ നോക്കി. വായിക്കാൻ കഴിഞ്ഞില്ല. അവർ മല മുകളിലേക്ക് നോക്കി മലയുടെ അറ്റം കാണുന്നില്ല. അവർ മുഖാമുഖം നോക്കി. മീര പറഞ്ഞു :നമുക്ക് പോയാലോ? എന്നാൽ അലക്സാക്ക് മീരയുടെ ചോദ്യത്തെ ശ്രദ്ധിക്കാതെ മല കയറാൻ തുടങ്ങി. അവളുടെ പിന്നാലെ മീരയും നടന്നു.

മലയുടെ മുകളിൽ എത്തി. അവർ രണ്ടുപേരും ആകാശത്തില്ലേക്ക് നോക്കി. ചന്ദ്രനും നക്ഷത്രങ്ങളും മിന്നി തിളങ്ങുന്നു. പിന്നെ അവർ വീട്ടിലേക്ക് പോവാൻ തീരുമാനിച്ചു. വീട്ടിലേക്ക് യാത്ര തുടങ്ങി. മലയിറങ്ങി. കാട്ടിലെത്തി. ഓരോ ശബ്ദങ്ങളും കേൾക്കുന്നു. രണ്ടു പേർക്കും പേടിയുണ്ട്. നിലാവിന്റെ വെളിച്ചത്തിലാണ് അവർ പോവുന്നത്.അവർ അലക്സായുടെ വീട്ടിൽ എത്തി.എന്നാൽ മീരയുടെ അമ്മ അവളെ തിരഞ്ഞു നടക്കുകയായിരുന്നു. ഒരു വിളക്കുമായി അവളുടെ അമ്മ അലക്സായുടെ വീട്ടിൽ നിന്ന് പോവുന്നത് കണ്ടു. അവൾ അവളുടെ അമ്മയുടെ അടുത്തേക്ക് ഓടി. അമ്മേ.. അമ്മേ.. എന്ന വിളിയുമായി. അമ്മ അവളോട് ചോദിച്ചു:മോളേ.. നീ എവിടെയായിരുന്നു. അമ്മയുടെയും അവളുടെയും കണ്ണുകൾ നനഞ്ഞു. ഇതുകണ്ട് അലക്സായുടെ കണ്ണുനിറഞ്ഞു. അലക്സായ്ക്ക് അമ്മയില്ല. അവളെ അമ്മ ചെറുപ്പത്തിലേ ഉപേക്ഷിച്ചതാണ്. അവർ രണ്ടു പേരുടെയും സന്തോഷവും ദുഃഖവും നിറഞ്ഞ രാത്രിയായിരുന്നു ഈ ദിവസം.

സുഹ ഫാത്തിമ
8 G

## Hope

Hope brings happiness,
In our mind.
Sometimes it brings,
happiness and sadness.
Every new morning has,
different hopes.

Don't be sad if you don't get,
What you expected.
Should not give up hope,
hold it tight.
It is what keeps life,
Moving forward.

Life without hope is like,
a body without soul.
A person without hope,
Never succeed in life.
**You should not give up the hope,**
**in your life**

മറൂഫ്
പ്ലസ് ടു

## ഇൻസ്റ്റാഗ്രാമം

മുത്തശ്ശന്റെ ഫോണിൽ ഇൻസ്റ്റാഗ്രാമിന്റെ നോട്ടിഫിക്കേഷൻ ശബ്ദം കേട്ടായിരുന്നു മുത്തശ്ശിയുടെ പുലർച്ചയിലെ ഉണർച്ച. ആലറാം ആണെന്ന ധാരണയിൽ കൈ ഫോണിലെത്തിയപ്പോഴേക്കും മുത്തശ്ശന്റെ കൈ അതിമേൽ പതിഞ്ഞിരുന്നു. ഓർഡർ ചെയ്ത മാവിന്റെ വരവിനുള്ള കാത്തിരിപ്പിലായിരുന്നു മുത്തശ്ശി. അപ്പോഴേക്കും ചൂടുകാപ്പിക്കായി മുത്തശ്ശൻ കവലയിൽ പോയിരുന്നു.
പീടികക്കോലായിലും ചർച്ച ഇൻസ്റ്റാഗ്രാം തന്നെ. ശുക്കൂറിക്കാന്റെ മോന്റെ റീൽസിൽ ആയിരുന്നു തുടക്കം. അക്കരത്തെ വേണുവിന്റെ മോളെ മാംഗല്യം ഇൻസ്റ്റാഗ്രാമിൽ പരിചയപ്പെട്ട ചെക്കനുമായാണത്രെ.
അപ്പുറത്ത്, ഫോളോ നൽകാത്തതിന് അച്ഛൻ മകനെ അടിച്ചു കൊന്നെന്ന് വാർത്ത.ഇപ്പുറത്ത്, തന്റെ കുക്കിംഗ് വീഡിയോ സ്റ്റോറി ഇടാത്തതിനാൽ മകളെ ക്രൂരമായി പിഡിപ്പിച്ചത്രെ അമ്മ.
പറഞ്ഞു തീരാത്ത കെട്ടുകഥകളുടെയും സ്വയം വഞ്ചിതരാവുന്ന ചാറ്റുകളുടെയും കലവറയിൽ നിന്ന് മാറാൻ സമയം അതിക്രമിച്ചിരിക്കുന്നു.
ഇൻസ്റ്റാഗ്രാമത്തിൽ നിന്ന് പ്രതാപഗ്രാമത്തെ വീണ്ടെടുക്കാൻ സമയമായെന്ന് തിരിച്ചറിയുക.

സന ഷാദിയ
6 ബി

## മാമ്പഴം

മുറ്റത്തെ തൈമാവിൻ ചോട്ടിൽ തേൻമാമ്പഴ മഴ
ഉണ്ണി ഉണർന്ന് ഇതാ പോകുന്നു അങ്ങ് മാമ്പഴം കയ്യിലെടുക്കുവാൻ
ചേച്ചി വന്നു-ഉണ്ണീ ഇത് എനിക്കുള്ളതാ..
ഉണ്ണി ശബ്ദിച്ചു. എന്റേതാ
പിടിയായി അടിയായി വഴക്കായി
അമ്മ ശബ്ദിച്ചു.
ഓടിക്കോ ഉണ്ണി എന്നാ അലർച്ചയായി

## രണ്ടാമൂഴം അഥവാ ഭീമന്റെ ദുഃഖം

സന്ധ്യ സി
രക്ഷിതാവ്

ഞാൻ വായിച്ച നോവലുകളിൽ എനിക്കേറ്റവും ഇഷ്ടപ്പെട്ട ഒരു നോവലാണ് എം ടി യുടെ രണ്ടാമൂഴം. മഹാഭാരത കഥയിൽ നിന്ന് വേറിട്ട് ഭീമന് നായക വേഷം കൽപ്പിച്ചു കൊടുത്ത രണ്ടാമൂഴം. ഒരു ജൻമം മുഴുവൻ രണ്ടാമൂഴത്തിനായി കാത്തു നിന്ന ഭീമന്റെ കഥ. ഇത് ചുരുളഴിയാത്ത ഒരു പ്രേമ കാവ്യം കൂടിയാണ്. കുന്തി മനസറിയാതെ പറഞ്ഞു കൊണ്ട് അഞ്ചു പേരുടെ ഭാര്യയായി പാഞ്ചാലി മാറിയെങ്കിലും അവൾക്കേറ്റവും ഇഷ്ടം അർജ്ജുനനോട് ആയിരുന്നു. പാഞ്ചാലിയുടെ പ്രണയത്തിന് വേണ്ടി ഭീമൻ പലതും ചെയ്തു. കല്യാണ സൗഗന്ധികം തേടി പോയി. കൗരവ സഭയിൽ വസ്ത്രാക്ഷേപം ചെയ്യപ്പെട്ട് അപമാനിതയായി നിൽക്കുമ്പോൾ ദുശ്ശാസനന്റെ രക്തം കണ്ടേ അടങ്ങൂ എന്ന പാഞ്ചാലീ ശപഥം നിറവേറ്റിയത് പാഞ്ചാലി പ്രണയിച്ച അർജ്ജുനൻ ആയിരുന്നില്ല. പാഞ്ചാലിയെ പ്രണയിച്ച ഭീമൻ ആയിരുന്നു.

ഭീമന്റെ പിതൃത്വം ചോദ്യം ചെയ്യപ്പെടുന്നു ഇവിടെ. വായു പുത്രനെന്ന് അഹങ്കരിച്ചു നടന്നിരുന്ന താൻ വെറുമൊരു കാട്ടാളന്റെ മകനാണെന്നുള്ള കുന്തീ മാതാവിന്റെ വെളിപ്പെടുത്തലിൽ തകർന്നു പോകുന്ന ഭീമൻ. ഭീമന്റെ കരുത്തുറ്റ ശരീരത്തെ എല്ലാവരും വാഴ്ത്തി അതിനുള്ളിൽ ഒരു മനസ്സുണ്ടെന്ന് ഏവരും മറന്നു. ഭീമ പുത്രൻ ഘടോൽക്കചൻ മഹാഭാരതയുദ്ധത്തിൽ മരിച്ചു വീഴുമ്പോഴും എല്ലാവരും ദുഃഖിച്ചത് അർജ്ജുനപുത്രൻ അഭിമന്യു പത്മവ്യൂഹത്തിൽ പെട്ട് മരണമടഞ്ഞു എന്ന് പറഞ്ഞാണ്. രണ്ടാമൂഴക്കാരനായ അച്ഛന്റെ മകനായതു കൊണ്ട് തന്റെ മകനും അഭിമന്യുവിന്റെ പിന്നിൽ ആയിപ്പോയതിന്റെ വേദന . ഒരു അച്ഛന്റെ വേദന ഈ കൃതിയിൽ വരച്ചു കാട്ടുന്നു എം.ടി.

1977 ൽ ഒരു നവംബർ മാസത്തിൽ മരണം തന്റെ സമീപത്തെത്തി പിൻമാറിയെന്നും അതിനു ശേഷം എഴുതി പൂർത്തിയാക്കിയ നോവലാണ് രണ്ടാമൂഴമെന്നും എം.ടി. പറയുന്നു.

## ആകാശം നഷ്ടമായ പറവ

മിനി ഇ
രക്ഷിതാവ്

ഹേ ശിബി...
ഞാനൊരു ചിറകില്ലാ പക്ഷി
ആകാശത്തിന്റെ വിശാലത ആവോള
മാസ്വദിച്ചതിനു ചിറകു നഷ്ടമായവൾ
ലോകത്തിന്റെ വക്രതക്കുനേരെ ക്രോധത്തോടെ നോക്കിയതിനു കണ്ണു നഷ്ടമായവൾ
നീതിയുടെ ഗോപുരം ലക്ഷ്യമായ് നീങ്ങിയതിന് കാലു നഷ്ടമായവൾ
അപ്രിയ സത്യങ്ങൾ വിളിച്ചുപറഞ്ഞതിന് നാവ് നഷ്ടമായവൾ

ഹേ ശിബി...
മൗനത്താൽ മനം മൂടി ഇരുളിനാൽ പൊരുൾ മൂടിയെങ്കിലും എന്റെ മന :കണ്ണാൽ
ഞാനിന്നു മെല്ലാം കാണുന്നു : എല്ലാം
ഒടുവിലൊരു ദിനമിവർക്കെൻ മന: കാഴ്ച്ചയുമസഹ്യമായ് തീരും
അന്നിവരെൻ കുഞ്ഞുഗളും ആഹ്ലാദത്തോടറുത്തു വീഴ്ത്തും

ഹേ ശിബി...
നിന്നോടു മാത്രമായൊരർഥന
അന്ന് നിൻ തുടയിലെ മാംസം എന്നെ രക്ഷിക്കാനായ് മുറിച്ചു നൽകാതിരിക്കുക
നിന്നിലെ ദയകൊണ്ട് എന്നെ സർവതന്ത്ര സ്വതന്ത്രയാക്കി മംഗളം പാടുക
എന്നാത്മാവിൻ ചിറകുകളാൽ ഞാൻ അനന്തതയിലേക്കു പറക്കട്ടെ
നന്മകൾ വെളിച്ചം പരത്തുമൊരു ലോകം
വിദൂരതയിലുണ്ടെന്ന വിശ്വാസം എന്താശ്വാസം

ഹിസാന നസ്റി
പ്ലസ് ടു (H2)

## ചെരുപ്പുകുത്തി

പാതയോരത്തിരിപ്പുണ്ടൊരാൾ
ദീനം നിറയുമാ കണ്ണുമായി
വേറിട്ട ഇണകളെ ഒന്നാക്കി മാറ്റുവാൻ വെമ്പൽ കൊള്ളുന്നയാൾ

കയ്യിലൊരു സൂചിയും നൂലുമായി
ബന്ധങ്ങളെ ചേർത്തിണക്കുന്നവൻ
എരിയുമാ സൂര്യനെയൊട്ടും
നിനക്കാതെ പണിയുന്നു തൻ കയ്യാലവനും

കാലമേ നിൻ ഒഴുക്കിന-
നസ്യൂതം നീങ്ങുമാ പാദങ്ങളിൽ തേഞ്ഞും ഉരഞ്ഞും ചവിട്ടേറ്റും
പൊട്ടി പിരിയുമാ ഇണ
പാദുകങ്ങൾക്കും പുതു
ജീവൻ നൽകുന്നയൊരുവനവൻ

ജീവിതമേ നിന്റെ പെടാ-
പാടുകൾക്കിടയിലും ഇരുകര കൂട്ടി പിടിക്കാനായവനും
ചെരുപ്പുകുത്തി എന്ന പേരിൽ അറിഞ്ഞിടുന്നു.

ആദിത്യൻ
പ്ലസ് ടു (B2)

## Being another

"Love is not enough
It just corrupts
Having lot of memories
Floating with misery
Just to fit in being another
Filling darkness in my soul
Though it still hurts
Not everyone is perfect"

ഹിസാന ആജ്മൽ
പൂർവ്വവിദ്യാർഥി

## ലോകം

ലോകമേ നീയേത്രെ സുന്ദരം  എങ്കിലും,  നീയേത്രെ ഭയാനകം.
തെല്ലുമില്ലാ മനുഷ്യത്വം ഉള്ളിൽ
കൊന്നുകളയുകയോ പിഞ്ചു കുഞ്ഞുങ്ങളെ പോലും.
പകയേന്തി പായുന്ന കണ്ണുകൾ
ക്രൂരമായ് മാറുന്ന ഹൃദയങ്ങൾ
ഇതിനിടയിലും,
സ്നേഹിക്കാൻ മാത്രം അറിയുന്ന മനസ്സുകൾ,
ആർക്കും വേണ്ടാതെ പോയ ചില ജന്മങ്ങൾ
ആത്മാർഥതയെക്കാൾ ആനുകൂല്യം അഭിനയത്തിനോ!
ജീവിതമാം വേദിയിൽ ആർത്തുല്ലസിക്കുന്ന അഭിനേതാക്കൾ
എത്രെയെത്രെ...
നാടകം മാത്രം അരങ്ങേറുന്ന പുതിയ ലോകം..

## ജയ ജയ ജയ ജയ ഹേ – വിപിൻ ദാസ്

ഫാത്തിമ റഷ
പ്ലസ് ടു

ബേസിൽ ജോസഫും ദർശന രാജേന്ദ്രനും പ്രധാന കഥാപാത്രങ്ങളെ അവതരിപ്പിക്കുന്ന, ' ജയ ജയ ജയ ജയ ഹേ', എല്ലാത്തിനുമുപരി, ലിംഗ സമത്വത്തിനും നീതിക്കും വേണ്ടിയുള്ള പോരാട്ടമാണ് എക്കാലവും. അതിനാൽ, ഒരു സമൂഹമെന്ന നിലയിൽ നമ്മൾ വളരെയധികം നേടിയിട്ടുണ്ട്. നമുക്കുണ്ടോ? കാത്തിരിക്കൂ, തൃപ്തിപ്പെടാൻ ഇനിയും സമയമായിട്ടില്ല. 'ജയ ജയ ജയ ഹേ' എന്ന സിനിമ, സാമൂഹിക ഘടനയിൽ ഇപ്പോഴും ദൃഢമൂലമായിരിക്കുന്നതും ദേശത്തിന്റെ സാംസ്കാരിക കൺവെൻഷനുകളാൽ നിരന്തരം അടിച്ചമർത്തപ്പെടുന്നതുമായ ചില യാഥാർത്ഥ്യങ്ങളും ധാരണകളും കാഴ്ചപ്പാടുകളും വെളിപ്പെടുത്തുന്നു. വിപിൻ ദാസ് രചനയും സംവിധാനവും നിർവഹിച്ച 'ജയ ജയ ജയ ഹേ' സബർബൻ ശൈലിയും കൊല്ലം സ്ലാംഗും അതിശയകരമായി ചൂഷണം ചെയ്യുകയും സിനിമയിലും സമൂഹത്തിലുമുള്ള നിരവധി പ്രണയ സമ്പ്രദായങ്ങളെ തകർക്കുകയും ചെയ്യുന്നു. നിങ്ങൾ ഒരു 'ജയഭാരതി' (ദർശന രാജേന്ദ്രൻ) അല്ലാത്തപക്ഷം ആ ചങ്ങലകളിൽ നിന്ന് മോചിതരാകുകയും യഥാർത്ഥ നീതിയും സ്വാതന്ത്ര്യവും നേടുകയും ചെയ്യുക അസാധ്യമാണ്. ഒരു ഇടത്തരം കുടുംബത്തിൽ ജനിച്ച ഒരു സാധാരണ പെൺകുട്ടി എന്ന നിലയിൽ, ജയ തന്റെ ലിംഗഭേദം കാരണം കുട്ടിക്കാലം മുതൽ എല്ലാതരം മുൻവിധികളും സഹിക്കുന്നു. പരാജയപ്പെട്ട പ്രണയവും അപൂർണ്ണമായ വിദ്യാഭ്യാസവും അവളുടെ സ്വന്തം ബിസിനസ്സ് മാത്രം പരിഗണിക്കുന്ന ഒരു പുരുഷനെ വിവാഹം കഴിക്കുകയല്ലാതെ മറ്റൊരു മാർഗവുമുണ്ടായിരുന്നില്ല.

## നിശാ ശലഭം

സഞ്ജയ് കൃഷ്ണ
പ്ലസ് ടു (B2)

പ്രേമഭ്രമരമേ, ഈ കൊച്ചു ചുമരിനുള്ളിൽ  വിടർന്നു നിൽക്കുന്ന നിശാ ശലഭമേ!
നീ ഇന്നു വിടർന്നു നിൽപ്പതു നിൻ  ഗാനങ്ങൾ
കേട്ടു കേട്ടു വളർന്നോരെൻ ചിറകുകൾ
മാടി  വിളിപ്പൂ നിൻ ആഗ്രഹം പങ്കുവെക്കാൻ!

നിന്നെയും ധ്യാനിച്ചു ധ്യാനിച്ചിരിക്കുന്നൊ -
രെന്നെ നീയെന്നെയും കാണുന്നതില്ലയോ?എന്നെയും തേടി വന്നു പോയെന്റെ
സുന്ദര സ്വപ്നത്തിലെ ശലഭമാണ്  നീ എന്റെ കണ്ണുകളിലെ പീലിയാക്കിയ ശലഭത്തെ
ഞാൻ എന്തു പേരിട്ടു വിളിക്കും?
എന്നിൽ നിന്നും നീ എന്തു ആഗ്രഹിപ്പിൻ?
എങ്ങനെ ഞാൻ നിന്നെ സൽക്കരിച്ചിടണം!

ഇന്നലെ രാവിൽ, എന്തൊരത്ഭുതം
എൻസുന്ദര  സ്വപ്നത്തിൽ വന്നു നീ എന്നരികിൽ.
പ്രണയനായികയായ  നിന്നെ ഞാൻ ഓർത്തു നിൽപ്പൂ!
നിന്നെയും ഓർത്തു ഞാൻ എൻ  ചാരു പടിയിൽ  ഇരിപ്പപ്പൂ
നീ എന്നെന്നരികിലെത്തും എൻ ശലഭമായ എൻ മനസ്സിലെ പെൺകൊടിയേ.

നിർമ്മലപ്രേമസാഗരത്തിന്റെ
യൂർമ്മിപോലൊരാലിംഗനം..
ഞാൻ ഉണർന്നതും നീ  എങ്ങു പോയീ?
..ആ  നളിനിയുമെങ്ങു പോയ്?
മൽക്കരളിനൊരുൾക്കുളിരേകി -
യക്കിനാവും മറഞ്ഞുപോയ്!
നിശാ ശലഭമേ നീ ഇനിയും  വരുമോ?
എന്റെ ഈ  കാത്തിരിപ്പവസാനിച്ചീടാൻ
നീയൊന്നു വന്നെങ്കിൽ  ഞാനീ  ഈ പ്രണയ നൈരാശ്യം ദാഹിപ്പിച്ചിടിൻ!

ശ്രീനിദ
രക്ഷിതാവ്

# പരിണാമം

...ജീവിത യാഥാർത്ഥ്യങ്ങളുടെ ചുഴിയിൽ അകപ്പെട്ട് മനസ്സ് ഏകാന്തത കൊതിക്കുമ്പോൾ വീടിന്റെ ഉമ്മറത്ത് തൂണും ചാരിയിരിക്കുക പതിവാണ് സന്ധ്യ ഇരുട്ടിന്റെ ആഴങ്ങളിലേക്ക് പോകുന്തോറും സുഖമുള്ള ഓർമ്മകൾ ചിരാദിലെ തിരിനാളം പോലെ തെളിഞ്ഞു വരുന്നവീടിന്റെ മുൻവശത്തിരുന്നാൽ കണ്ണെത്താദൂരത്തോളം ഇളം കാറ്റിലാടി ഉലയുന്ന നെൽക്കതിരുകളാൽ നിറഞ്ഞ ഗ്രാമഭംഗിയെ കുറിച്ച് കേട്ടിട്ടുണ്ട് നെൽക്കതിരുകളുടെ സ്ഥാനത്ത് ഇന്ന് തല ഉയർത്തി നിൽക്കുന്ന കവുങ്ങിനേയും റബ്ബറിനെയും മായ്ച്ചുകളഞ്ഞ അനന്തമായ ഇരുട്ടിലേക്ക് കണ്ണും നട്ടിരിക്കുമ്പോൾ തൊട്ടുതലോടുന്ന കുളിർക്കാറ്റ് ചിരിക്കാൻ മറന്ന ചുണ്ടുകളിൽ മന്ദസ്മിതം ഉണർത്തി ഇരുട്ടിൽ മിന്നി മറയുന്ന മിന്നാമിനുങ്ങിനോടൊപ്പം മനസ്സിൽ മിന്നിമറയുന്ന ഓർമ്മകളും കൂട്ടായി കാതുകളിൽ ഇമ്പമോടെയെത്തുന്ന പാടവരമ്പത്തെ തവളയുടെയും ചെറുപ്രാണികളുടെയും കുഞ്ഞു കുഞ്ഞു ശബ്ദങ്ങൾക്കൊപ്പം താളമിട്ട് നിറഞ്ഞൊഴുകുന്ന തോടിന്റെ മൂളലും മഞ്ഞിൻ കണമായി പെയ്തിറങ്ങിയ മൗന നൊമ്പരങ്ങളെ നനവാർന്ന വസന്തമായി മാറ്റിയ ഇരുട്ടിന്റെ ശൂന്യതയിൽ അങ്ങനെ ലയിച്ചിരിക്കുമ്പോൾ പാടവും തോടും കടന്ന് അക്കരെ നിന്ന് കാലൻ കോഴി കൂവുന്ന കാലൻ കോഴിയുടെ കൂവലിൽ ചെറു പ്രാണികളുടെ കുഞ്ഞുകുഞ്ഞു ശബ്ദങ്ങളും തോടിന്റെ താളവും നിലച്ചുവോ?

മിഴികളെ കബളിപ്പിച്ച് മറഞ്ഞുപോയ മിന്നാമിനുങ്ങിനെ പോലെ മനസ്സിനെ കബളിപ്പിച്ച് സുഖമുള്ള ഓർമ്മകളും മാഞ്ഞുപോയി. അവസരോചിതമല്ലാതെ കയറിവന്ന കാലൻ കോഴിയെ ശപിക്കുമ്പോൾ കൊഞ്ഞനംകുത്തി മനസ്സിലേക്ക് വീണ്ടും കയറിവരുന്ന ജീവിതയാഥാർത്ഥ്യങ്ങൾ ഭൂതകാലങ്ങളിൽ പേടിപ്പെടുത്തുന്ന കാലൻ കോഴിയുടെ കഥയെ ഓർമ്മപ്പെടുത്തി ആരെങ്കിലും മരിക്കാറായി കിടക്കുമ്പോൾ കാലൻ കോഴി വന്ന് വിളിക്കുകയാണെന്നും അക്കരെ നിന്ന് കൂവിയാൽ ഇക്കരെയുള്ളവരും ഇക്കരെ നിന്ന് കൂവിയാൽ അക്കരെയുള്ളവരും മരിക്കും എന്നാണ് കൂവലിൽ വല്ലാത്തൊരു നിഗൂഢത നിറഞ്ഞതായി തോന്നിയിരുന്ന പ്രായവും അസുഖങ്ങളും ഒന്നും നോക്കാതെ തോന്നിയെടത്തെല്ലാം കോമാളിയെ പോലെ കയറി ഇറങ്ങുന്ന കാലനെ കണ്ടിട്ടാണെന്നറിയില്ല കാലൻ കോഴിയും തോന്നിയിടത്തിരുന്നാണ് കൂവുന്നത് നിഗൂഢത നിറഞ്ഞ കൂവലിൽ അല്പം നർമ്മം കലർന്നുവോ? അലോരസപ്പെടുത്തുന്നകാലൻ കോഴിയുടെ കൂവൽ ജീവിതത്തിൽ നിന്നും എന്നെന്നേക്കുമായി മറഞ്ഞുപോയ വല്യമ്മയുടെ നൊമ്പരമുള്ള ഓർമ്മകൾഉണർത്തി കുട്ടിക്കാലത്ത് കാലൻ കോഴി വന്നു കൂവുമ്പോൾ ഇരുമ്പ് പഴുപ്പിച്ചുപുറത്തേക്ക് വെച്ചാൽ കാലൻ കോഴി ദൂരെ പോവുമെന്നും അങ്ങനെ വരാനിരിക്കുന്ന ദുരന്തവും മാറിപ്പോകും എന്നുള്ള വിശ്വാസത്തോടെ വല്യമ്മ കത്തി അടുപ്പിൽ വയ്ക്കുമ്പോൾ അച്ഛൻ പറയും ഓരോ ജീവികൾക്കും അവരുടെ ശബ്ദം ഉണ്ടാക്കാനുള്ള സ്വാതന്ത്ര്യവും ഇല്ലേ? അച്ഛൻ പറയുന്നതല്ലേ ശരി എന്നറിഞ്ഞിട്ടും കുട്ടിക്കാലത്ത് മനസ്സിൽ പതിഞ്ഞ പേടിപ്പെടുത്തുന്ന കഥയായത് കൊണ്ടാണോ എന്നറിയില്ല കാലൻ കോഴി ആരെയെങ്കിലും വിളിക്കുകയാണോ എന്നൊരു പേടി ജീവിത നൗകയിലെ തുഴയാകാൻ പാടുപെടുന്ന മനസ്സിൽ ആശ്വാസ മായെത്തുന്ന ശൂന്യമായഇരുട്ടിനെയാണോ വിളിക്കുന്നത്? ജീവിതത്തിന്റെ അരങ്ങിൽ ശൂന്യമായദുഃഖഭാവങ്ങൾ മാത്രം ആടിത്തളരുമ്പോൾ ഉമ്മറത്തെ തൂണിൽ ചാരിയിരുന്നസുഖമുള്ള ഓർമ്മകളെയും തേടി ഇനി എത്രകാലം ഇരുട്ടിന്റെ ആഴങ്ങളിൽ ചെന്നിറങ്ങാൻ പറ്റുമെന്ന് അറിയില്ല വീടിന്റെ മുൻവശത്തെ പാടംഹൈവേ ആകാൻ പോകുന്നു. ഹൈവേയിൽ ചീറിപ്പായുന്ന വാഹനങ്ങളുടെ വെളിച്ചവും ശബ്ദവും ഓർക്കുമ്പോൾ ഇരുട്ടിൽ നിന്നുള്ള കാലൻ കോഴിയുടെ കൂവലിനും മാധുര്യമുള്ളതായി തോന്നുന്ന കാലത്തിനനുസരിച്ച് മാറാത്ത നാടിന്റെയും നാട്ടുകാരുടെയും ഇടയിൽ വീട്ടുമുറ്റത്തേക്ക് ഒരു വഴിയില്ലാത്തതിന്റെ വേദനയിലും മനസ്സ് ആശ്വാസം തേടിയത് ഇതേ തൂണിൽ തന്നെ കുഗ്രാമത്തിന്റെ കുറവുകൾ നികത്താൻ ഇത്തരമൊരു വികസനം അനിവാര്യം തന്നെ എന്നിരുന്നാലും ഒരുകാലത്ത് കണ്ണെത്താ ദൂരത്തോളം ആടിയുലയുന്ന നെൽക്കതിരുകൾ ഇന്ന് അവയെ ഓർമ്മപ്പെടുത്തുന്ന പാടവരമ്പത്ത് നിന്നുള്ള തവളയുടെയും ചെറുപ്രാണികളുടെയും കുഞ്ഞുകുഞ്ഞു ശബ്ദങ്ങളും കാലവർഷത്തിൽ നിറഞ്ഞൊഴുകുന്ന തോടിൽ നിന്ന് പാടത്തേക്ക് കയറുന്ന മീനുകളെ പിടിക്കുന്ന കുട്ടികളുടെ കൊച്ചു കൊച്ചു സന്തോഷങ്ങൾ എല്ലാം ഇനി ഒരു ഓർമ്മകൾ മാത്രമായി മാറും എന്നറിയുമ്പോൾ മനസ്സിലേക്ക് ചിതറിക്കിടക്കുന്ന ഒരുപിടി ചിന്തകളെ വാരിയെറിഞ്ഞ് മനസ്സിന്റെ ഏകാന്തതയെ വിളിക്കുന്നത് ഹൈവേയോ? കാലൻ കോഴിയോ?

തെളിഞ്ഞുവരുന്ന വീടിന്റെ മുൻവശത്ത് ഇരുന്നാൽ കണ്ണെത്താ ദൂരത്തോളം ഇളം കാറ്റിലാടി ഉലയുന് നെൽക്കതിരുകളാൽ നിറഞ്ഞ ഗ്രാമഭംഗിയെ കുറിച്ച് കേട്ടിട്ടുണ്ട് നെൽക്കതിരുകളുടെ സ്ഥാനത്ത് ഇന്ന് തല ഉയർത്തി നിൽക്കുന്ന കവുങ്ങിനേയും വീടിന്റെ മുൻവശത്ത് കണ്ണെത്താ ദൂരത്തോളം ഇളം കാറ്റിലാടി ഉലയുന്ന നെൽക്കതിരുകളാൽ നിറഞ്ഞ ഗ്രാമഭംഗിയെ കുറിച്ച് കേട്ടിട്ടുണ്ട് നെൽക്കതിരുകളുടെ സ്ഥാനത്ത് ഇന്ന് തല ഉയർത്തി നിൽക്കുന്ന കവുങ്ങിനേയും റബ്ബറിനെയും മായ്ച്ച കളഞ്ഞ അനന്തമായ ഇരുട്ടിലേക്ക് കണ്ണും നാട്ടിരിക്കുമ്പോൾ തൊട്ടു തലോടുന്ന കുളിർകാറ്റ് ചിരിക്കാൻ മറന്ന് ചുണ്ടുകളിൽ മന്ദസ്മിതം ഉണർത്തി റബ്ബറിനെയും മായ്ച്ച കളഞ്ഞ അനന്തമായ ഇരുട്ടിലേക്ക് കണ്ണും നാട്ടിരിക്കുമ്പോൾ തൊട്ടു തലോടുന്ന കുളിർകാറ്റ് ചിരിക്കാൻ മറന്ന് ചുണ്ടുകളിൽ മന്ദസ്മിതം ഉണർത്തി